കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# 2017-18

# ഓഡിറ്റ് റിപ്പോർട്ട്


## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)350/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി:04.06.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കൊണ്ടാഴി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-15, 3-19, 3-26, 3-27, 3-31, 3-32, 3-34 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)350/19 തീയതി. 4.06.19

# തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴിഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.08.2017 മുതൽ 04.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.02.2019 മുതൽ 16.02.2019 വരെ,<br>20.02.2019 മുതൽ 21.02.2019 വരെ. |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | സുധ.ഇഎൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | കെ.എം.ഷാജിത.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ഇദ്രീസ് അബ്ദുള്ള.എ.സി<br>ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.<br>ആർ .ശ്രീദേവി | 1.4.17 മുതൽ<br>31.3.18 വരെ |
| സെക്രട്ടറി | ശ്രീമതി.<br>എം.<br>ജയലക്ഷ്മി | 1.4.17 മുതൽ<br>23.11.17 FNവരെ |
| | ശ്രീ.തമ്പി.എ.സ് | 23.11.17 AN മുതൽ<br>31.01.18 FN വരെ |
| | ശ്രീ.<br>ജയനൻ.കെ | 31.01.2018 AN മുതൽ 31.03.2018<br>വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥൻ</u>**

| | | |
|---|---|---|
| സി.സെക്രട്ടറി | ശ്രീമതി. സറീന .എ.അലി | 1.4.17 മുതൽ 27.01.18 FN വരെ |
| | ശ്രീ.സുധീർ.പി.എസ് | 27.01.18 മുതൽ 31.03.18 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ശകുന്തള | 1.4.17 മുതൽ 04.10.17 FN വരെ |
| | ശ്രീ.കെ.എം ഷമീർ | 04.10.17 AN മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.റോസ് മോൾ.എം.എസ് | 1.4.17 മുതൽ 27.07.17 FN വരെ |
| | ശ്രീമതി.അശ്വതി.ഇ.സി | 27.07.17 AN മുതൽ 12.12.17 AN വരെ |
| | ശ്രീമതി.ബീന .എം.കെ | 12.12.17AN മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, കൊണ്ടാഴി | ഡോ.ബിന്ദു | 1.4.17 മുതൽ 31.03.18 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സന്തോഷ്.കെ | 01.04.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം, കൊണ്ടാഴി | ഡോ.മൃദുല .എൻ. മോഹൻ | 1.4.17 മുതൽ 31.03.18 വരെ |
| കൃഷി ഒാഫീസർ | അശ്വതി ഗോപിനാഥൻ | 1.4.17 മുതൽ |

| | | |
|---|---|---|
| | | 31.03.18 വരെ |
| വി.ഇ.ഒ(കൊണ്ടാഴി സർക്കിൾ) | ഗോപാലകൃഷ്ണൻ.വി | 1.4.17 മുതൽ 22.12.17 വരെ |
| | പീറ്റർ.സി.ജി | 23.12.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ(ചേലക്കോട് സർക്കിൾ) | പ്രശാന്ത്.പി.കെ | 1.4.17 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്, | വസന്തകുമാരി.ടി | 1.4.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുരേഷ് കുമാർ.എ | 01.04.17 മുതൽ 30.06.17 വരെ |
| | ഗിരിജ.ആർ | 01.07.17 മുതൽ 22.11.17 വരെ |
| | മഹേഷ്.വി.പി | 23.11.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ശരണ്യ എ.ജി | 01.04.17 മുതൽ 31.03.18 വരെ |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം-1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| | | |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ഡി&ഒ ലൈസൻസ് അപാകതകൾ | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ | 2-4 |
| 17 | കെട്ടിടത്തിന് വാടക ഈടാക്കുന്നില്ല. | 2-5 |
| 18 | വാട്ടർചാർജിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. | 2-6 |
| 19 | ടെൻഡർ ഫീസ് | 2-7 |
| 20 | വസ്തു നികുതി – രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 2-8 |
| | ഭാഗം-3 | |
| 21 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി – ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-1 |
| 22 | പെയിൻ & പാലിയേറ്റീവ് കെയർ – നഴ്സസസ്ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-2 |
| 23 | ഗ്രാമപഞ്ചായത്തിലെ ജലവിതരണ സമ്പ്രദായം – തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-3 |
| 24 | ABC on Wheels-പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-4 |
| 25 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ | 3-5 |

| | | |
|---|---|---|
| | -പ്രവൃത്തി പൂർത്തീകരണ പത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | |
| 26 | ടാങ്കർ ലോറി കുടിവെള്ള വിതരണം-രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 27 | തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. | 3-7 |
| 28 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് മിനിറ്റ്സിൽ രേഖപ്പെടുത്തിട്ടില്ല | 3-8 |
| 29 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് സന്നദ്ധത ഇല്ല – ഗുണഭോക്താക്കളെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കി | 3-9 |
| 30 | ഭവന നിർമ്മാണം-തനതുഫണ്ടിൽ നിന്നും അനുവദിച്ച തുക വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല. | 3-10 |
| 31 | നെൽ വിത്ത് വിതരണരേഖകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 32 | സമഗ്ര തെങ്ങു കൃഷി വിതരണം-തെങ്ങിന് ആനുപാതികമായി ജൈവവളം വാങ്ങുന്നതിനു പകരം വളം അധികമായി വാങ്ങി സബ്സിഡി കൈപ്പറ്റി | 3-12 |

| | | |
|---|---|---|
| 33 | സമഗ്ര തെങ്ങുകൃഷി വിതരണം-തെങ്ങിൻ തൈ മുറിച്ചുമാറ്റിയ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിനു പകരം പദ്ധതിയിലെ ഗുണഭോക്താവല്ലാത്ത ആളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു. | 3-13 |
| 34 | സാക്ഷരത തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല | 3-14 |
| 35 | എസ്.എസ്.എൽ.സി ,ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് കരാട്ടെ പരിശീലനം-പരിശീലകന് അധിക തുക അനുവദിച്ചു. | 3-15 |
| 36 | കായികഗ്രാമം-ആരോഗ്യഗ്രാമം-കളി ഉപകരണങ്ങൾ വാങ്ങൽ-ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ഹാജരാക്കിയില്ല. | 3-16 |
| 37 | നിലാവ്-വയോജനസൗഹൃദ പഞ്ചായത്ത്, വൃദ്ധർക്ക് കട്ടിൽ & ഊന്നുവടി, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഏറ്റെടുത്ത് നടപ്പാക്കി | 3-17 |
| 38 | വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി-രേഖകളിൽ കൃത്യതയില്ല | 3-18 |
| 39 | യോഗപരിശീലനം-സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തി | 3-19 |
| 40 | വൃദ്ധർക്ക് യോഗപരിശീലനം-രേഖകൾ ഹാജരാക്കിയില്ല | 3-20 |
| 41 | അംഗനവാടി പോഷകാഹാരം -സ്റ്റോക്ക് രജിസ്റ്റർ | 3-21 |

| | | |
|---|---|---|
| | പരിപാലിക്കുന്നതിൽ കൃത്യതയില്ല. | |
| 42 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല | 3-22 |
| 43 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല | 3-23 |
| 44 | റോഡ് കണക്ടിവിറ്റി പ്ലാൻ ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല. | 3-24 |
| 45 | വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല. | 3-25 |
| 46 | പ്രൊജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം കുറവ് ചെയ്യാതെ പദ്ധതി വിഹിതത്തിൽ നിന്നും മുഴുവൻ ബിൽ തുകയും ചെലവ് ചെയ്തു. | 3-26 |
| 47 | ഒന്നാം ലെയർ മെറ്റലിംഗ് മാത്രം നടത്തിയ റോഡുകൾ ടാറിംഗ് ചെയ്യാനുള്ള പ്രൊജക്ടുകൾ തയ്യാറാക്കിയില്ല. | 3-27 |
| 48 | റോഡ് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചു. | 3-28 |
| 49 | പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു. | 3-29 |
| 50 | അധികം വാങ്ങിയ എമൽഷൻ ഉപയോഗിക്കാതെ സ്റ്റോക്കിൽ സൂക്ഷിക്കുന്നു | 3-30 |
| 51 | ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നു | 3-31 |
| 52 | ഓവർഹെഡ്സ് ചാർജ്ജിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല. | 3-32 |
| 53 | വിട്ടുകിട്ടിയ ഭൂമി, പുതിയ നിർമ്മാണം എന്നിവ ചേർത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ കാലികമാക്കുന്നില്ല. | 3-33 |
| | ഭാഗം-4 | |
| 54 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 55 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 56 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 57 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 58 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 59 | ഓഡിറ്റ് റിക്കവറി | 4-6 |
| 60 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 61 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 62 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 64 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിതവരവ് 136394069.75 രൂപയും പ്രതീക്ഷിത ചെലവ് 135607162/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.18 | 30.6.18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 2.07.2018 & 03.07.2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3) – 1150/18(36)/12.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6505639 |
| വരവ് | 51396090 |
| ആകെ | 57901729 |
| ചെലവ് | 55346176 |
| നീക്കിയിരിപ്പ് | 2555553 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം(എസിആർ പ്രകാരം ) | 0 | 12393000 | 12393000 | 10588243 | 1804757 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി.(എസിആർ പ്രകാരം ) | 0 | 8893566 | 8893566 | 5811014 | 3082552 |
| വികസനഫണ്ട് ടി.എസ്.പി.(എസിആർ പ്രകാരം ) | 0 | 2998 | 2998 | 2998 | 0 |
| സംരക്ഷണഗ്രാന്റ് റോഡ്(എസിആർ പ്രകാരം ) | 0 | 5735000 | 5735000 | 5685595 | 49405 |
| സംരക്ഷണഗ്രാന്റ് നോൺറോഡ്(എസിആർ പ്രകാരം ) | 0 | 2716000 | 2716000 | 2620717 | 95283 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (എസിആർ പ്രകാരം) | 0 | 5821015 | 5821015 | 4847567 | 973448 |
| കെ.എൽ.എസ്.ജി.ഡി പി (സെൻട്രൽ)(എസിആർ പ്രകാരം ) | 0 | 1607738 | 1607738 | 1555464 | 52274 |
| കെ.എൽ.എസ്.ജി.ഡി പി (സ്റ്റേറ്റ്) | 70 | 7727471 | 7727471 | 613146 | 159325 |
| സാക്ഷരത | 1543 | 0 | 1543 | 0 | 1543 |
| ദുരിതാശ്വാസനിധി | 5483 | 249 | 5732 | 0 | 5732 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 60179547 | 137 | 37209901 | 39 | 30 | 66.5% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| | മുൻബാക്കി | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേഷൻ ചെലവ് | 333518 | 899020 | 1232538 | 989013 | 243525 |
| തൊഴിലാളികളുടെ കൂലി | - | 19095755 | 19095755 | 19095755 | |

മേൽ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 133200 | 222 |
| കർഷകതൊഴിലാളി പെൻഷൻ | 8636300 | 709 |
| വിധവാപെൻഷൻ | 12979000 | 1168 |
| വാർദ്ധക്യകാലപെൻഷൻ | 17576000 | 1595 |
| വികലാംഗപെൻഷൻ | 3549000 | 327 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2327800 | 210 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 210000 | 7 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32112/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

4. ഒലിച്ചി കോളനി; മായന്നൂർ ശ്മശാനം; രശ്മി റീഡിംഗ് സെന്റർ, സൗത്ത് കൊണ്ടാഴി;168-ാം നമ്പർ അംഗൻവാടി, ചേലക്കോട് എന്നിവയുടെ ആധാരങ്ങൾ ചെസ്ററിൽ സൂക്ഷിക്കുന്നതായി പഞ്ചായത്ത് അറിയിക്കുകയുണ്ടായി. എന്നാൽ അവയുടെ വിവരം, കൈമാറ്റം എന്നിവ നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആധാരങ്ങൾ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്തം ഓഫീസ് ഓർഡർ വഴി നിജപ്പെടുത്തിയിട്ടില്ല.

5. രജിസ്റ്ററുകൾ പരിപാലനത്തിൽ അപാകതകൾ കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. പേ ബിൽ രജിസ്റ്റർ, ജനറേറ്ററിന്റെ ലോഗ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

2. ജീപ്പിന്റെ ലോഗ് ബുക്ക് എഴുതുന്നുണ്ടെങ്കിലും, ഇന്ധനഉപഭോഗം സംബന്ധിച്ച 'മാസാന്ത്യ സംഗ്രഹം' എഴുതുന്നില്ല.

3.ഡി & ഒ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4.ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2019 | 2018 ഡിസംബർ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | | വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010-01.01.2011 | 2005-06 മുതൽ 2009-10 വരെ | 31.01.17 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഉൾപ്പെടുത്തിയിട്ടില്ല.

2.ബാങ്ക് ഓഫ് ബറോഡയിലുള്ള അക്കൗണ്ടിന്റെ (അക്കൗണ്ട് നം.54830100000716) റീകൺസീലിയേഷൻ പത്രികയിൽ താഴെ പറയുന്ന കാലഹരണപ്പെട്ട ചെക്കുകൾ cheques issued but not presented to bank എന്ന ഇനത്തിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇവ വരവെടുത്ത് liability in respect of stale cheque (ഷെഡ്യൂൾ ബി-9) എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

1. ചെക്ക് നം /തിയതി തുക

1445/31.10.16 402

932/2.6.16 200

574/27.11.15 500

1102

3. തൊഴിൽ നികുതി (ട്രേഡേഴ്സ്)ന്റെ കുടിശ്ശിക ഡിമാന്റ് രജിസ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ല. വാർഷികകണക്ക് പ്രകാരം ഡിമാന്റ് തുകയും നീക്കിയിരിപ്പ് തുകയും 13950/- രൂപയാണ്. തൻവർഷം ഈയിനത്തിൽ വരവില്ല.

4. വാർഷികകണക്കിന്റെ ബി-9 കണക്ക് ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിൽ 39990/- രൂപ അഡ്വാൻസ് ആയി ചേർത്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

5. വാർഷികകണക്കിന്റെ ബി-9 ഷെഡ്യൂൾ പ്രകാരം 56350/- രൂപ ഡി.ആന്റ്.ഒ ലൈസൻസ് ഫീസിനത്തിൽ അഡ്വാൻസ് കളക്ഷനായി കാണിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

6. ആസ്തി രജിസ്ററർ ഹാജരാക്കിയില്ല.

7. ക്യാഷ് ഫ്ലോ പത്രികയിലെ net cash generated എന്നത് -5589093 രൂപയും net increase in cash and cash equivalents എന്നത് -3950086 രൂപയും ആണ്. ഇവ തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം നൽകിയിട്ടില്ല.

8. ഡിമാന്റ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.

| | വാർഷികകണക്ക് | | | രജിസ്റ്റർ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| ലേലം | 16890 | 16890 | 0 | 17250 | 16890 | 360 |

രജിസ്റ്റർ പ്രകാരം ബാലൻസായി കാണിച്ചിട്ടുള്ള തുക ബാലൻസ്ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. പെർമിറ്റ്ഫീ, റഗുലറൈസേഷൻ ഫീ എന്നിവയുടെ രജിസ്റ്ററിൽ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. 2017-18 DBT പത്രിക പ്രകാരം pension for unmarried woman above 50 yrs, widow pension എന്നിവയുടെ വരവുചെലവുകൾ യഥാക്രമം 2327800/-, 12979000/- രൂപ വീതമാണ്. എന്നാൽ ഇവ ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

11. വാർഷികകണക്കിലെ RP-7, RP-31 എന്നിവയിൽ കാണിച്ചിരിക്കുന്ന വരവിനങ്ങളുടെയും, B-4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പിന്റെയും കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാനമായ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. B-4ഷെഡ്യൂളിലെ നീക്കിയിരിപ്പ് തുകകൾ ഏതു അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന വിവരവും ലഭ്യമാക്കിയിട്ടില്ല.

12. വിവിധ പ്രൊജക്റ്റുകൾക്കായി 2017-18 സാമ്പത്തികവർഷം KWA, KSEB എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ advance to implementing agencies എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

| പ്രൊജക്ട് നം | സ്ഥാപനം | തുക |
|---|---|---|
| 78/18 | KWA | 4000000 |
| 37/18 | KSEB | 250370 |

13. സ്റ്റോക്കിന്റെ മൂല്യം കണക്കാക്കി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

14. തൻവർഷം കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയില്ല.

15.തൻവർഷം വായ്പാ ഇനത്തിൽ അടവാക്കിയ 1268995/- രൂപ secured loans എന്ന ശീർഷകത്തിൽ നിന്നും ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ Housing എന്ന ശീർഷകത്തിലേക്ക് മാറ്റാത്തതിനാൽ B-5 ഷെഡ്യൂളിൽ ഇനി അടവാക്കാനുള്ള വായ്പാ തുക 0 ഉം, B-16 ഷെഡ്യൂളിൽ prepaid programme expense-ൽ 1268995/- രൂപയും രേഖപ്പെടുത്തിയിരിക്കുന്നു.

16. വാർഷികകണക്ക് B-2 ഷെഡ്യൂൾ പ്രകാരം panchayath distress relief fund തുക 5244/- രൂപയും, B-17 പ്രകാരം 5732/- രൂപയുമാണ്.

17. 2017-18 വാർഷികകണക്കിന്റെ I-18 (prior perioditems) ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഇനങ്ങളിൽ ജേണൽ വൗച്ചർ പ്രകാരം എഴുതിതള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും തിരുത്തൽ എൻട്രികൾക്കും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലമേകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | തുക |
|---|---|---|
| 280100101 | Prior period income-property tax on residential building | 785234 |
| 280100102 | Prior period income-prof.tax -institutions/professionals/traders | (3150) |
| 280800101 | Prior period income-establishment expenses | (135832) |
| 280800801 | Prior period income-programme expenses | 50000 |

19. വസ്തുനികുതി-സാംഖ്യ, സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വസ്തുനികുതി ഡിമാന്റ്, ഈടാക്കാനുള്ള തുക എന്നിവ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ എന്നിങ്ങനെ തരംതിരിച്ച് സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ കളക്ഷൻ മാത്രമാണ് ഇപ്രകാരം തരം തിരിച്ചിട്ടുള്ളത്. സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ പത്രികയിലും ഇപ്രകാരം തരം തിരിക്കാതെയാണ് ഡിമാന്റ്, ഈടാക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത്.

<u>വസ്തുനികുതി (കറന്റ്)</u>, <u>വസ്തുനികുതി (അരിയർ)</u> ഇനത്തിലെ സാംഖ്യ, സഞ്ചയ രേഖപ്പെടുത്തൽ താഴെ ചേർക്കുന്നു.
<u>വസ്തുനികുതി (കറന്റ്)</u>

| | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് (ലൈബ്രറി | 2018-19 ലേക്കുള്ള |
|---|---|---|---|---|---|

| | | | | സെസ്സ് അടക്കം) | അഡ്വാൻസ് കളക്ഷൻ |
|---|---|---|---|---|---|
| സാംഖ്യ (റസിഡൻഷ്യൽ) | 2322723 | 1037961 | - | 489885 | 465841 |
| സാംഖ്യ (നോൺ റസിഡൻഷ്യൽ) | 0 | 560634 | - | 0 | |
| സഞ്ചയ (റസിഡൻഷ്യൽ) | 2322723 | 1598595 | 293087 | 470871 | 34451 |
| സഞ്ചയ (നോൺ റസിഡൻഷ്യൽ) | | | | | |

2016-17 സാമ്പത്തികവർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ അഡ്വാൻസ് കളക്ഷൻ കാണിച്ചിട്ടില്ല. എന്നാൽ 2017-18-ൽ 293087/- രൂപ മുൻവർഷത്തിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തതായി കാണിച്ചിരിക്കുന്നു. അതു പോലെ 2018-19-ലേക്കുള്ള അഡ്വാൻസ് കളക്ഷൻ സഞ്ചയയിൽ 34451/- രൂപയും, സാംഖ്യയിൽ 465841/- രൂപയുമാണ്. സഞ്ചയ ഡിമാന്റ് തുകയിൽ നിന്നും കളക്ഷൻ, ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്നിവ ക്രമീകരിച്ചാൽ കിട്ടുന്ന ബാലൻസ് തുക സഞ്ചയയിൽ കാണിച്ചിരിക്കുന്ന ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

<u>വസ്തുനികുതി (അരിയർ)</u>

| | ഡിമാന്റ് (ലൈബ്രറി സെസ്സ് അടക്കം) | കളക്ഷൻ | ഈടാക്കാനുള്ള തുക (ലൈബ്രറി സെസ്സ് അടക്കം) |
|---|---|---|---|
| സാംഖ്യ | 2337028 | 1237418 | 715175 |
| സഞ്ചയ | 2015046 | 1237418 | 745928 |

ഡിമാന്റ്, ഈടാക്കാനുള്ള തുക എന്നിവയിൽ വ്യത്യാസം കാണപ്പെടുന്നു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് അപാകതകൾ

**1.ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണെങ്കിൽ കുതിരശക്തിയുടെ അളവ് കെട്ടിട നമ്പർ, സ്ഥാപനത്തിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതും, ജി.ഒ

(ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്.

2.രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാര്യക്ഷമമാക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ വാങ്ങിയിട്ടുള്ള ഫീസിന്റെ വിവരങ്ങളിൽ ഡി&ഒ, മോട്ടോർ റണ്ണിംങ് ഫീ, ബിലേറ്റഡ് ഫീ, തൊഴിൽ നികുതി എന്നിവ വ്യക്തമായി ചേർക്കുകയും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3.ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം യഥാക്രമം 3,4,5,40,41,42,43,44,45,46,47,48,49,50,51,52,53,54,55,56,57,75 എന്നീ അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

# 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സി.ഡി.എസ് കൊണ്ടാഴി | 2ാം അർദ്ധ വർഷം |
| 2 | ഇന്റെൽ മണി പ്രൈവറ്റ് ലിമിറ്റഡ് പാറമേൽപടി | 2ാം അർദ്ധ വർഷം |
| 3 | ഖാദി ഗ്രാമോദ്യോഗ് ഭവൻ,മായന്നൂർ | 2ാം അർദ്ധ വർഷം |
| 4 | നിള ആയുവേദ സെന്റെർ ,മായന്നൂർ | 2ാം അർദ്ധ വർഷം |
| 5 | മായന്നൂർ പോസ്റ്റ് ഒാഫീസ് | 1&2 അർദ്ധ വർഷങ്ങൾ |
| 6 | ഗ്രൈസ് ഫിനാൻസ് കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 7 | ചെറുവത്തൂർ ഫിനാൻസ്, മായന്നൂർ | 1&2 അർദ്ധ വർഷങ്ങൾ |
| 8 | പി.എൻ.വൈ. സഭ ഫിനാൻസ് | 1&2 അർദ്ധ വർഷങ്ങൾ |
| 9 | ക്ഷീരോൽപാദക സഹകരണ സംഘം, കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 10 | ക്ഷീരോൽപാദക സഹകരണ സംഘം, സൗത്ത് കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 11 | മൾട്ടി പർപ്പസ് കോ.ഒാപറേറ്റിവ് സൊസൈറ്റി ,കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 12 | ശ്രീനന്ദന കേബിൾ വിഷൻ, കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 13 | മായന്നൂർ കേബിൾ വിഷൻ | 1&2 അർദ്ധ വർഷങ്ങൾ |
| 14 | കീർത്തി കേബിൾ വിഷൻ | 1&2 അർദ്ധ വർഷങ്ങൾ |
| 15 | ലക്ഷ്മി നാരായണ കേബിൾ വിഷൻ | 1&2 അർദ്ധ വർഷങ്ങൾ |
| 16 | ഇൻഫോ ബീം കേബിൾ വിഷൻ | 1&2 അർദ്ധ വർഷങ്ങൾ |
| 17 | സ്റ്റാർ കേബിൾ വിഷൻ | 1&2 അർദ്ധ വർഷങ്ങൾ |
| 18 | ദേവസ്വം ഓഫീസ് മായന്നൂർ | 1&2 അർദ്ധ വർഷങ്ങൾ |
| 19 | നിർമിതി കേന്ദ്രം ,കൊണ്ടാഴി | 1ാംഅർദ്ധ വർഷം |

2.തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. 2017-18 ലെ വൗച്ചറുകൾ പരിശോധിച്ചത് പ്രകാരം എം.ജി.എൻ.ആർ.ജി.എസ് കൊണ്ടാഴിയിലെ ജീവനക്കാർക്ക് താഴെ കാണിച്ചത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ വേതനം അനുവദിച്ചിട്ടുണ്ട് . എന്നാൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ വേതനത്തിന് തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | 1ാം അർദ്ധ വർഷത്തിലെ വരുമാനം | ഈടാക്കേണ്ട നികുതി | 2ാം അർദ്ധ വർഷത്തിലെ വരുമാനം | ഈടാക്കേണ്ട നികുതി | ആകെ |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് കൊണ്ടാഴി | 1.ശ്രീമതി രമ്യ .കെ.ആർ(ഡാറ്റ എൻട്രി ഓപ്പറേറ്റർ) | 113500 | 1000 | 32668 | 300 | 1300 |
| | 2.ശ്രീമതി. രഞ്ജുഷ .എ (ഓവർസിയർ) | 76298 | 750 | 32668 | 300 | 1050 |

മേൽ പ്രകാരം കാണിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വരുമാനപത്രികകൾ ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഒന്നും രണ്ടും അർദ്ധവർഷത്തെ വരുമാന പത്രികകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് ഈടാക്കിയിട്ടുള്ള തൊഴിൽ നികുതിയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (നം-1/13.02.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വരുമാന പത്രികകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 2-3 <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കൊണ്ടാഴി സർവ്വീസ് സഹകരണ ബാങ്ക് | 1&2 അർദ്ധ വർഷങ്ങൾ |
| 2 | ഇന്റെൽ മണി പ്രൈവറ്റ് ലിമിറ്റഡ് പാറമേൽപടി | 1&2 അർദ്ധ വർഷങ്ങൾ |

| | | |
|---|---|---|
| 3 | ഗ്രൈസ് ഫിനാൻസ് കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 4 | ചെറുവത്തൂർ ഫിനാൻസ് മായന്നൂർ | 1&2 അർദ്ധ വർഷങ്ങൾ |
| 5 | പിഎൻ.വൈ സഭ ഫിനാൻസ് | 1&2 അർദ്ധ വർഷങ്ങൾ |
| 6 | മൾട്ടി പർപ്പസ് കോ-ഓറേറ്റീവ് സൊസൈറ്റി,കൊണ്ടാഴി | 1&2 അർദ്ധ വർഷങ്ങൾ |
| 7 | കെ.എസ്.ഇ.ബി കൊണ്ടാഴി | 2 ാംഅർദ്ധ വർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-4 ബിൽഡിംങ് പെർമിറ്റ്-അപാകതകൾ

എ). കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെയുള്ള കോളങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയം, നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻ മേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിൽ ഉള്ള കെട്ടിടങ്ങളിൽ എക്സ്റ്റൻഷൻ വർക്കുകൾക്ക് പെർമിറ്റ് അനുവദിക്കുമ്പോൾ നിലവിൽ ഉള്ള കെട്ടിടത്തിന്റെ വിസ്തൃതിയും പുതുതായി അനുവദിക്കുന്ന പെർമിറ്റിലെ അളവും വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(ബി). റിപ്പോർട്ടിൽ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

കെട്ടിടനിർമ്മാണ പെർമിറ്റ് / ക്രമവത്ക്കരണം / പൂർത്തീകരണം എന്നിവയ്ക്കായുള്ള അപേക്ഷകളിൽ പരിശോധന നടത്തുന്ന എൻജിനിയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ അവരുടെ റിപ്പോർട്ടിൽ, സർക്കുലർ നം.12900/ ആർ.എ1/2015 ത,സ്വ.ഭ.വ തിയതി. 02.12.2015 ഖണ്ഡിക – 6 പ്രകാരം അപേക്ഷയുടെ പരിശോധന സംബന്ധിച്ച പ്രധാനവിവരങ്ങൾ ( ഫ്ലോർ ഏരിയ, കാർപ്പെറ്റ് ഏരിയ, എഫ്.എ.ആർ, കവറേജ്, കാർപാർക്കിംഗ്, വസ്തു നികുതിക്കായി കണക്കാക്കുന്ന തറ വിസ്തീർണ്ണം മുതലായവ) ഉൾപ്പെടുത്തുന്നില്ല. റിപ്പോർട്ടിനായി മേൽ പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു മാതൃക ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

# 2-5 കെട്ടിടത്തിന് വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന് വാടകയൊന്നും തന്നെ ഈടാക്കുന്നില്ല. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന മുറിയ്ക്ക് നിലവിൽ ഈടാക്കുന്ന വാടക (799 രൂപ) 2012-13 മുതൽ വർദ്ധനവൊന്നും തന്നെയില്ലാതെ അടവാക്കുകയാണ് ചെയ്യുന്നത്. പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി കാര്യാലയത്തിൽ നിന്നും വാടക ഈടാക്കുന്നതിനും, മാവേലി സ്റ്റോറിന് നിലവിൽ ഈടാക്കുന്ന വാടകയിൽ കാലികമായ വർദ്ധനവ് വരുത്തുന്നതിനും ഭരണ സമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-6 വാട്ടർചാർജിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന തേക്കിൻകാട് വാഴാട് കുടിവെള്ള പദ്ധതിയിൽ നിന്നും 2017-18 സാമ്പത്തികവർഷം വരെ യഥാസമയം വെള്ളക്കരം പിരിച്ചെടുക്കാത്തതുകൊണ്ട് വാട്ടർചാർജിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | മുൻവർഷം | തൻവർഷം | ആകെ |
|---|---|---|---|
| കുടിശ്ശിക | 142160 | 141670 | 283830 |

പ്രസ്തുത കുടിവെള്ള പദ്ധതിക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ താഴെ കാണിച്ചിട്ടുള്ള പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് നടത്തിയിട്ടുണ്ട്.

| ചെലവിനം | തുക |
|---|---|
| ഇലക്ട്രിസിറ്റി ചാർജ് | 158688 |
| മോട്ടോർ റിപ്പയറിംഗ്, റീവൈന്റിംഗ് | 25602 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 125800 |

തനത് ഫണ്ടിൽ നിന്നും പണം ചെലവ് ചെയ്യുമ്പോഴും ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കിയ പല ഉപഭോക്താക്കളിൽ നിന്നും വെള്ളക്കരം പിരിച്ചെടുക്കാനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കണക്ഷൻ നം. | പേര് | ഡിമാന്റ് | കുടിശ്ശിക | ആകെ | കളക്ഷൻ |
|---|---|---|---|---|---|---|
| 1 | 131 | വേലായുധൻ(മാണിക്യൻ) തേക്കിൻക്കാട് കോളനി | 720 | 1750 | 2470 | ഇല്ല |
| 2 | 166 | സീതക്കുട്ടിയമ്മ വാഴക്കോട് | 720 | 1540 | 2260 | ഇല്ല |
| 3 | 397 | രാജൻ മേലേക്കുളമ്പിൽ | 720 | 2740 | 3460 | ഇല്ല |
| 4 | 396 | സുകുമാരൻ മേലേക്കുളമ്പൽ | 720 | 2800 | 3520 | ഇല്ല |

വാർഷികകണക്ക് പ്രകാരം കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തുക ഈടാക്കാനുള്ള അടിയന്തിരനടപടികളും കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് കൈമാറാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 2-7 ടെണ്ടർ ഫീസ്

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭ്യമാകേണ്ടതാണ്. നാളിതുവരെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ചതും ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/20.2.19 ന് മറുപടിയായി 2017-18 ൽ 18816 രൂപ ലഭിക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ ലഭിക്കാനുള്ള തുകയുടെ കണക്ക് ലഭ്യമായില്ല. നാളിതുവരെ ഈയിനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കേണ്ടതും ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8 നികുതി - വസ്തു നികുതി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ന്യൂബിൽഡിങ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിങ്സ് നികുതിയിളവ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ വസ്തു നികുതി വരവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# ഭാഗം-3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ,പി.എച്ച്.സി നടപ്പിലാക്കിയ പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം

പദ്ധതി നം.5234/18

പദ്ധതിയുടെ പേര് -ജീവിത ശൈലീരോഗങ്ങളുടെ പരിശോധന മൊബൈൽ യൂണിറ്റ്

ചെലവ് തുക -ട്രഷറി ബിൽ നം.15/17-18 തിയ്യതി.15/03/2018 തുക-60,000/-

മേൽ പദ്ധതി പ്രകാരം കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും പരിശീലനം ലഭിച്ച ശ്രീമതി.ഉഷ.ആർ,ശ്രീമതി.ധന്യ.എം.കെ എന്നീ കുടുംബശ്രീ പ്രവർത്തകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 30,000/-രൂപ വീതം മേൽ ട്രഷറി ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ബാങ്ക് പാസ്സ് ബുക്ക് പരിശോധിച്ചതിൽ ശ്രീമതി.ധന്യയുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.54830600000903) ടി.തുക 15/03/2018 ന് തന്നെ വരവ് വന്നിട്ടുണ്ട്. ശ്രീമതി.ഉഷയുടെ ബാങ്ക് പാസ്സ് ബുക്ക് (അക്കൗണ്ട് നം.54830100003568) പരിശോധനക്ക് ഹാജരാക്കിയില്ല.കൂടാതെ മേൽ തുകകൾ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

സ.ഉ.(എം.എസ്).നം.80/2017/ത.സ്വ.ഭ.വ, തിയ്യതി.03/04/2017 ഖ-8.7 പ്രകാരം ഓരോ ഗുണഭോക്താവിനും പരിശോധന ഫലങ്ങൾ തുടർച്ചയായി രേഖപ്പെടുത്തി നൽകാനുള്ള ടെസ്റ്റ് റെക്കോർഡ് നൽകണം,രജിസ്റ്റർ സൂക്ഷിക്കണം,ഓരോ പരിശോധനക്കുമുള്ള ഫീസുകൾ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി നിശ്ചയിച്ച് നൽകണം,ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമത PHC/CHC ഡോക്ടർ പരിശോധിച്ച് ആഴ്ചയിലൊരിക്കൽ ഉറപ്പുവരുത്തണം,ഗുരുതരമായ ടെസ്റ്റ് റിസൾട്ട് ഉള്ളവരുടെ വിവരം ഡോക്ടർക്ക് റിപ്പോർട്ട് ചെയ്യണം,ഒരു യൂണിറ്റിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും ഡോക്ടർ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിച്ച് വാങ്ങി നൽകണം,ഉപകരണങ്ങളുടെ വിലയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃവിഹിതമായോ ബാങ്ക് വായ്പയായോ നൽകണം,ബാങ്ക് വായ്പ ഉണ്ടെങ്കിൽ സബ്സിഡി ബാക്ക് എൻഡ് ആയി വായ്പ കണക്കിലേക്ക് നൽകണം തുടങ്ങിയ കാര്യങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.12/15.02.2019)രേഖകൾ ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്. ആയത് ഹാജരാക്കുന്നത് വരെ ചെലവ് തുക 60,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 പെയിൻ & പാലിയേറ്റീവ് കെയർ -നഴ്സസസ്ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ2015, ജി.ഒ.(ആർ.ടി)3217/2015ത.സ്വ.ഭ.വ 29/10/2015 ഖ.2.6.3 പ്രകാരം ഓരോ ദിവസത്തേയും ഗൃഹസന്ദർശനം നടന്നുകഴിഞ്ഞാൽ തൊട്ടടുത്തദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ ഹോംകെയർ റിപ്പോർട്ട് ബുക്കും,അനുബന്ധം 3 പ്രകാരമുള്ള ഫോറവും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. 2017-18 വർഷം ഓഡിറ്റിന് ഹാജരാക്കിയ 2വോള്യം നഴ്സസസ്ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിലും മുഴുവൻ തിയ്യതികളും സ്കെച്ച് പേന കൊണ്ട് തിരുത്തി എഴുതിയിരിക്കുന്നു. മാത്രമല്ല ടി.രജിസ്റ്ററുകൾ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/21.02.2019)മറുപടി ലഭിച്ചിട്ടില്ല.രജിസ്റ്ററുകൾ കൃത്യമായി എഴുതി,രേഖപ്പെടുത്തലുകൾ ആധികാരികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 ഗ്രാമപഞ്ചായത്തിലെ ജലവിതരണ സമ്പ്രദായം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1. പൊതുടാപ്പുകൾ**

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 129 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 56438/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

എ). ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നിർവ്വഹിച്ചു വരികയാണെന്നും 3 വാർഡുകളിലെ മാത്രമാണ് പൂർത്തീകരിച്ചതെന്നും അറിയിക്കുകയുണ്ടായി.

ബി). പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

സി). ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

**2. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല**

2017-18 സാമ്പത്തികവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
സ.ഉ.(സാധ)1275/2009 ത.സ്വ.ഭ.വ തിയതി.30.05.2019 കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ്, സംരക്ഷണം, മാർഗ്ഗരേഖ പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 ABC on Wheels-പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം-53/18

നിർവ്വഹണോദ്യോഗസ്ഥൻ-വെറ്ററിനറി സർജൻ

ട്രഷറി ബിൽ നം.1/17-18/ തിയതി.15.09.17 തുക-75000/-

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ABC on Wheels എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവുനായ്ക്കളെ വന്ധ്യംകരിക്കാനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 75000/- രൂപ തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ സംയുക്ത പ്രൊജക്ടുകൾക്കുള്ള അക്കൗണ്ടിലേക്ക് (no.79901140000646)'ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതിയോ, വിനിയോഗസാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 75000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ -പ്രവൃത്തി പൂർത്തീകരണ പത്രം,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

2017-18 സാമ്പത്തികവർഷം വിവിധ പ്രൊജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരണപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട് നം | പേര് | സ്ഥാപനം | ട്രഷറി ബിൽ നം | തുക | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 37/18 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | കെ.എസ്.ഇ.ബി പഴയന്നൂർ | 16/17.1.18 | 159000 | കരാറിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല |
| | | | കെ.എസ്.ഇ.ബി ചേലക്കര | 23/21.3.18 | 91370 | ***** |
| 2 | 78/18 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 15/11.1.18 | 400000 | കരാർ തിയതി 24.2.18 .കരാറിൽ ഏർപ്പെടുന്നതിനു മുമ്പേ തുക കൈമാറി |
| 4 | 219/18 | ഐ.എം.എ ബ്ലഡ് ബാങ്കിന് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത്,തൃശ്ശൂർ | ചെക്ക് നം.287489/20.12.17 | 100000 | |
| 5 | 220/18 | ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | ജില്ലാ പഞ്ചായത്ത്,തൃശ്ശൂർ | ചെക്ക് നം.2874790/20.12.17 | 50000 | |
| | | | | | 800370 | |

പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 800370/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ടാങ്കർ ലോറി കുടിവെള്ള വിതരണം-രേഖകൾ ഹാജരാക്കിയില്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം-36/18

നിർവ്വഹണം -സെക്രട്ടറി

ട്രഷറി ബിൽ നം-2/20.7.17 തുക-450000/-

കരാറുകാരൻ-ജമീഷ്,കടമാൻകോട്ടിൽ ,ചേലക്കര

2017-18 സാമ്പത്തികവർഷത്തെ കുടിവെള്ള വിതരണത്തിനായി 450000/- രൂപ അടങ്കലിൽ പ്രൊജക്ട് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൽ ലിറ്ററിന് 66 പൈസ നിരക്കിൽ കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകിയിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1.കുടിവെള്ള സ്രോതസ്സ് സംബന്ധിച്ച വിവരങ്ങൾ

2.ഉപയോഗയോഗ്യമായ കുടിവെള്ളമാണെന്ന് തെളിയിക്കുന്നതിനുള്ള കുടിവെള്ളപരിശോധനാ റിപ്പോർട്ട്

3.കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ രജിസ്ട്രേഷൻ വിശദാംശങ്ങൾ

4.വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റി
5. FBO ലൈസൻസിന്റെ വിശദാംശം

മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 450000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.

പ്രൊജക്ട് നം. 117/18 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (സ്പിൽ ഓവർ)
കരാറുകാരൻ – ഷൈജു. C.F, ചിറ്റിലപ്പിള്ളി (H), എരുമപ്പെട്ടി
ചെലവ് തുക – 412670/-
ട്രഷറി ബിൽ നം. 12/17.10.17 – 200000
ട്രഷറി ബിൽ നം. 27/24.03.18 – 212670
--------------
412670
2017-18 സാമ്പത്തികവർഷം തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. തെരുവ് വിളക്ക് രജിസ്ററർ പരിപാലിച്ചിട്ടില്ല

തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.ഓരോ വാർഡിലും സ്ട്രീറ്റ് ലൈൻ ഉള്ള സ്ഥലങ്ങളിലെ പോസ്റ്റുകളുടെ നമ്പർ,അവയിൽ ഫിറ്റ് ചെയ്തിട്ടുള്ള തെരുവ് വിളക്കിന്റെ ഇനം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2. പരാതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ പരാതിരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല .പരാതി ലഭിച്ച തിയതി,വാർഡ്,ഏതു സ്ഥലം,പോസ്റ്റ് നമ്പർ,പരാതി പരിഹരിച്ച തിയതി എന്നിവ രേഖപ്പെടുത്തി പരാതി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

3. തെരുവ് വിളക്ക് കണക്ക്, കെ.എസ്.ഇ.ബി, കരാർ നൽകിയത്, വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ പൊരുത്തപ്പെടുന്നില്ല

| | വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രം | കെ.എസ്.ഇ.ബി (ഡിമാന്റ് നോട്ടീസ് പ്രകാരം) | കരാർ നൽകിയത് |
|---|---|---|---|
| സി.എഫ്.എൽ 2*11 വാട്ട് | 790 | 649 | 645 |
| സി.എഫ്.എൽ 1*11 വാട്ട് | **** | 6 | 6 |
| ഓർഡിനറി | **** | 197 | **** |

| | | | |
|---|---|---|---|
| ബൾബ് | | | |
| സോഡിയം വേപ്പർ ലാമ്പ് | **** | 11 | 2 |
| എൽ.ഇ.ഡി | **** | **** | 25 |
| ട്യൂബ് 1*40 വാട്ട് | ***** | 1 | ***** |
| ട്യൂബ് 2*40 വാട്ട് | ***** | 3 | **** |
| | 790 | 867 | 678 |

ഇപ്രകാരം കൃത്യമായ കണക്കുകളില്ലാതെയാണ് തെരുവു വിളക്കുകളുടെ റിപ്പയറിംഗിനായി തുക ചെലവഴിക്കുന്നത്. ഗ്രാമപഞ്ചായത്ത് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം എ.എം.സി മുഖേനയുള്ള കരാർ നൽകേണ്ടതുമാണ്..

4 .പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/തസ്വഭവ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല..

5. കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസിൽ 197 എണ്ണം ഓർഡിനറി ബൾബുകൾക്ക് നിലവിലും തുക ഈടാക്കി വരുന്നുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ സാധാരണബൾബുകൾ ഇല്ലാത്തതാണെന്ന് എക്സിറ്റ് യോഗത്തിൽ ജനപ്രതിനിധികൾ അറിയിക്കുകയുണ്ടായി.

തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി നിലവിലില്ലാത്ത ബൾബുകൾക്ക് തുക അടവാക്കുന്നത് ഒഴിവാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

# 3-8 വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് മിനിറ്റ്സിൽ രേഖപ്പെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.9.17 ലെ 2(1) തീരുമാനപ്രകാരം 2017-18 സാമ്പത്തികവർഷത്തെ അന്തിമ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിന് തീരുമാനിച്ചു.ഗുണഭോക്തൃലിസ്റ്റ് വിവിധ നിർവ്വഹണോദ്യാഗസ്ഥർക്ക് കൈമാറുന്നതിനും ,നിർവ്വഹണം നടത്തുന്നതിനും വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു.

ഓരോ പ്രൊജക്ടിന്റെയും ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.20.9.17 ൽ വെബ്സൈറ്റിൽ ഗുണഭോക്തൃലിസ്റ്റ് അപ് ലോഡ് ചെയ്തിട്ടുണ്ടെങ്കിലും ആയത് സ.ഉ.(എം.എസ്) നമ്പർ 80/17 ത.സ്വ.ഭ.വ തിയതി 3.4.17 ഖണ്ഡിക 20.8 ൽ നിർദ്ദേശിച്ച ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ ആനുപാതികമായി ഒരു പ്രൊജക്ടിന്റെ തദ്ദേശ സ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കേണ്ട രീതിയിൽ തയ്യാറാക്കിയതല്ല.

ഇപ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം.15/16.2.19)

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണസമയത്ത് ആനുകൂല്യത്തിനർഹരായ ഗുണഭോക്താക്കളെ അംഗീകരിച്ചു നൽകുന്ന രീതിയാണ് 2017-18 ൽ ഭരണസമിതി അവലംബിച്ചിരിക്കുന്നത്.ആയതിനു പകരം മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

# 3-9 ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് സന്നദ്ധത ഇല്ല – ഗുണഭോക്താക്കളെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കി

നിർവ്വഹണം-വി.ഇ.ഒ ചേലക്കോട് സർക്കിൾ

പ്രൊജക്ട് നം-233/18

2017-18 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് മിഷൻ, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പ്രൊജക്ടിനായി 10 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫിന്റെ ആനുകൂല്യം കൈപ്പറ്റാൻ സന്നദ്ധരല്ലാത്തതിനാൽ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.എന്നാൽ മുൻവർഷങ്ങളിൽ മേൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക വിനിയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ, കൈപ്പറ്റിയ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | തുക കൈപ്പറ്റിയ വർഷം | യൂണിററ് കോസ്റ്റ് | കൈപ്പറ്റിയത് | നിലവിലെ അവസ്ഥ |
|---|---|---|---|---|
| രാധാമണി ഭാസ്കരൻ, കാര്യാട്ടിരി | 2013-14 | 100000 | 70000 | തറപ്പണി പൂർത്തീകരിച്ചു |
| സുഭദ്ര നാപ്പൻ,കാരായിൽ | 2015-16 | 150000 | 135000 | അധിക തറവിസ്തൃതിയിൽ പണി ആരംഭിച്ചു. ലിന്റൽ |
| രോഹിണി, പാറമേൽ പടി തെരുവ് | 2009-10(ഇ.എം.എസ്) | 75000 | 25000 | തറപ്പണി പൂർത്തീകരിച്ചു. |

ഭവനിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സന്നദ്ധരല്ലാത്ത മേൽ ഗുണഭോക്താക്കൾക്കു വേണ്ടി വികസനഫണ്ടിൽ നിന്നും മുൻവർഷങ്ങളിൽ അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-10 ഭവന നിർമ്മാണം-തനതുഫണ്ടിൽ നിന്നും അനുവദിച്ച തുക വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല.

പ്രൊജക്ട് നം-103/18 .ഭവനനിർമ്മാണം (സ്പിൽ ഓവർ)

നിർവ്വഹണം-വി.ഇ.ഒ കൊണ്ടാഴി സർക്കിൾ

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ചെക്ക് നം.2874785/15.11.17 പ്രകാരം 90000/- രൂപ വി.ഇ.ഒ യ്ക്ക് അനുവദിച്ചിരുന്നു. വി.ഇ.ഒ സൂക്ഷിച്ചിട്ടുള്ള കാഷ്ബുക്ക് പ്രകാരം മേൽ തുക താഴെ പറയുന്നവരുടെ പേരില് കാഷ്ബുക്കിന്റെ ചെലവുഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവ് | തുക |
|---|---|---|
| 1 | ദീപ | 15000 |
| 2 | ദിവ്യ | 45000 |

| | | |
|---|---|---|
| 3 | സുരേഷ്ബാബു | 30000 |

എന്നാൽ ഗുണഭോക്താക്കളുടെ വ്യക്തമായ മേൽവിലാസവും, ഏതു വർഷത്തെ ഗുണഭോക്താവാണെന്നും രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന് കൈപ്പറ്റ് രസീതി ലഭ്യമാക്കിയിട്ടില്ല.മുൻവർഷങ്ങളിലെ ഭവനനിർമ്മാണത്തിന്റെ അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇതേ പേരിലുള്ള രണ്ടോ മൂന്നോ ഗുണഭോക്താക്കൾ ഉള്ളതിനാലും, രജിസ്റ്ററിൽ തുക കൈപ്പറ്റിയത് രേഖപ്പെടുത്താത്തതിനാലും തുക വിതരണം ചെയ്തത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിനുള്ള രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 90000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-11 നെൽ വിത്ത് വിതരണരേഖകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ്-1/18

നിർവ്വഹണം -കൃഷി ഓഫീസർ

ട്രഷറി ബിൽ നം-JK1/14.8.17 തുക-524400

JK2/8.10.17 തുക- 895400

ആകെ-1419800/-

സമഗ്ര നെൽകൃഷി വികസനപദ്ധതിയുടെ ഭാഗമായി നെൽവിത്തുകൾ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റി, അയ്യന്തോളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യാനായി പാടശേഖരസമിതികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. വിവിധ ഇൻവോയ്സുകൾ പ്രകാരം പാടശേഖരസമിതികൾ കൈപ്പറ്റിയ നെൽവിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ വിതരണരേഖകൾ നാളിതുവരെ പാടശേഖരസമിതി സെക്രട്ടറിമാർ ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയവയിൽ മിക്കതിലും ആകെ വിതരണം ചെയ്ത വിത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുമില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | ഇൻവോയ്സ് നം/തിയതി | നെൽവിത്ത്/ ആകെ വാങ്ങിയത് | പാടശേഖരസമിതി | വിതരണം ചെയ്തത് | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 167/2.7.17 | ജ്യോതി-10020 കി.ഗ്രാം | തെക്കേ കൊണ്ടാഴി | 270 കി.ഗ്രാം | |
| | | | വേലൂർകെട്ട് | 1410 കി.ഗ്രാം | |
| | | | പ്ലാക്കിൽ കടവ് | 1761 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| | | | മാത്തിൽപടി | 60 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| | | | കുഴിയംപാടം | 9 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| 2. | 255/5.6.17 | ശ്രേയസ്-990 കി.ഗ്രാം | കാട്ടാളത്ത് | 210 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| 3. | 510/18.6.17 | ജ്യോതി-900 കി.ഗ്രാം | കുഴിയംപാടം | 900 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| 4. | 851/22.8.17 | ജ്യോതി-1800 കി.ഗ്രാം | തെക്കേ കൊണ്ടാഴി | 900 കി.ഗ്രാം | |
| 5. | 962/9.9.17 | ജ്യോതി-4325 | ചേലക്കോട് | ***** | പാടശേഖര സമിതി സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | | കി.ഗ്രാം | തെക്കുമുറി | | കൈപ്പറ്റിയ വിത്തിന്റെ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.കർഷകർക്ക് വിതരണം ചെയ്ത രേഖകൾ ഇല്ല |
| 6 | 998/14.9.17 | ഉമ-7530 കി.ഗ്രാം | ഇരുമ്പള്ളൂർ വെസ്റ്റ് | 1650 കി.ഗ്രാം | |
| | | | കെട്ടിലപ്പാടം | 1590 കി.ഗ്രാം | ആകെ അളവ് രേഖപ്പെടുത്തിയിട്ടില്ല |
| | | | കാട്ടാളത്ത് | 750 കി.ഗ്രാം | |
| | | | കലംകണ്ടത്തൂർ | 1800 കി.ഗ്രാം | |
| | | | കണ്ടംചിറ | 690 കി.ഗ്രാം | |
| | | | കൊണ്ടാഴി സൗത്ത് | 120 കി.ഗ്രാം | |
| 7 | 1012/22.9.17 | ഉമ-8730 കി.ഗ്രാം | കുഴിയംപാടം | 1080 കി.ഗ്രാം | |
| | | | മായന്നൂർ പടിഞ്ഞാറ്റുമുറി | 2100 കി.ഗ്രാം | |
| | | | മഠത്തിൽ പടി | 1680 കി.ഗ്രാം | |
| | | | വേലൂർകെട്ട് | 1590 കി.ഗ്രാം | |

മേൽപ്രകാരം പാടശേഖരസമിതിക്ക് കൈമാറിയ നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്ത രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 1419800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 സമഗ്ര തെങ്ങു കൃഷി വിതരണം-തെങ്ങിന് ആനുപാതികമായി ജൈവവളം വാങ്ങുന്നതിനു പകരം വളം അധികമായി വാങ്ങി സബ്സിഡി കൈപ്പറ്റി

പ്രൊജക്ട് നം-2/18 (സമഗ്ര തെങ്ങുകൃഷി വിതരണം)

നിർവ്വഹണം-കൃഷി ഓഫീസർ

ട്രഷറി ബിൽ നം-JK6/17-18 തിയതി.22.3.18 തുക-109000/-

ഒരു തെങ്ങിന് 5 കി.ഗ്രാം നിരക്കിൽ ജൈവവളം വാങ്ങിയ ഗുണഭോക്താക്കൾക്ക് ബിൽ തുകയുടെ 75 % നിരക്കിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ ചിലർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയ തെങ്ങിന്റെ എണ്ണത്തിന് ആനുപാതികമായല്ല ജൈവവളം വാങ്ങിയിട്ടുള്ളത് എന്നു കാണുന്നു.കൃഷി അസിസ്റ്റന്റിന്റെ ശുപാർശയും മിക്ക അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | അപേക്ഷയിൽ തെങ്ങിന്റെ എണ്ണം | വാങ്ങിയ ജൈവവളത്തിന്റെ അളവ്/ ഇൻവോയ്സ് നം./തിയതി | യഥാർത്ഥത്തിൽ ആവശ്യമുള്ളത് | ബിൽ തുക | അനുവദിച്ച സബ്സിഡി | യഥാർത്ഥത്തിൽ അർഹമായ സബ്സിഡി | അധികമായി അനുവദിച്ചത് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | (കൊണ്ടാഴി എസ്.സി.ബി) | | | | | |
| സരസൻ, ചക്കംമത്ത് | 7 | 300 കി.ഗ്രാം (60*5) 2656/20.2.18 | 35 കി.ഗ്രാം (7*5) | 1650 (300*5.50 പൈസ) | 1200/- | 35*5.5=192.5 . ആയതിന്റെ 75% 144/- | 1056 |
| കൃഷ്ണൻകുട്ടി, ആംഗളൂർ | 10 | 250 കി.ഗ്രാം (50*5) 2654/20.2.18 | 50 കി.ഗ്രാം (10*5) | 1375 (50*5.50 പൈസ) | 1000/- | 50*5.5=275. ആയതിന്റെ 75% 206/- | 794 |
| കോമളവല്ലി, മുല്ലപ്പിള്ളി | 45 | 300കി.ഗ്രാം (60*5) 2612/10.2.18 | 225 കി.ഗ്രാം (45*5) | 1650 (300*5.50 പൈസ) | 1200/- | 225*5.5=1237.5 ആയതിന്റെ 75% 928/- | 272 |
| കൃഷ്ണൻകുട്ടി, മല്ലാത്തുകുഴിയിൽ | 20 | 150കി.ഗ്രാം (30*5) 2615/10.2.18 | 100 കി.ഗ്രാം (20*5) | 825 (150*5.50 പൈസ) | 600/- | 100*5.5=550 ആയതിന്റെ 75% 412/- | 188 |
| ടി.ടി ദേവസ്സി, തേരകത്തിനാൽ | 50 | 500കി.ഗ്രാം (100*5) 2629/15.2.18 | 250 കി.ഗ്രാം (50*5) | 2750 (500*5.50 പൈസ) | 2000/- | 250*5.5=1375 ആയതിന്റെ 75% 1031/- | 969 |
| | | | | | | | 3279 |

ഇപ്രകാരം ആവശ്യത്തിലധികം ജൈവവളം വാങ്ങിയ ബിൽ ഹാജരാക്കി അനർഹമായി സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പ്രകാരം തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/21.2.19 ന് മറുപടി ലഭ്യമാക്കിയില്ല.

അപേക്ഷയിൽ ഗുണഭോക്താവ് രേഖപ്പെടുത്തിയ വിവരങ്ങൾ യഥാവിധി പരിശോധിച്ച് അർഹമായ സബ്സിഡിക്കുള്ള ശുപാർശ മാത്രം രേഖപ്പെടുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

# 3-13 <u>സമഗ്ര തെങ്ങുകൃഷി വിതരണം-തെങ്ങിൻ തൈ മുറിച്ചുമാറ്റിയ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക അനുവദിക്കുന്നതിനു പകരം പദ്ധതിയിലെ ഗുണഭോക്താവല്ലാത്ത ആളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു.</u>

പ്രൊജക്ട് നം-2/18, സമഗ്ര തെങ്ങുകൃഷി വിതരണം

നിർവ്വഹണം-കൃഷി ഓഫീസർ

ട്രഷറി ബിൽ നം-JK8/17-18 തിയതി.24.3.18 തുക- 115000/-

230 തെങ്ങിൻ തൈകൾ മുറിച്ചു മാറ്റി ആയതിനു പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്ത് പുതിയവ വെച്ചു പിടിപ്പിക്കാനാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടത്. 56 ഗുണഭോക്താക്കൾക്ക് തെങ്ങ് മുറിച്ചു മാറ്റിയതിനുള്ള ആനുകൂല്യവും, പുതിയ തെങ്ങിൻതൈകൾ വിതരണവും നടത്തിയിട്ടുമുണ്ട്. എന്നാൽ 6 തെങ്ങിൻ തൈ മുറിച്ചു മാറ്റിയ ശ്രീ.ദാമോദരൻ & ഉഷ, കുഴിയിൽ ഹൗസ് എന്നവർക്ക് പുതിയ 6 തെങ്ങിൻതൈ നൽകിയിട്ടുണ്ടെങ്കിലും തെങ്ങ് മുറിച്ചു മാറ്റിയതിനുള്ള സബ്സിഡി അനുവദിച്ചിട്ടില്ല. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത ശ്രീ.ദിവാകരൻ എന്നയാളുടെ

അക്കൗണ്ടിലേക്ക് (നം.0738101061690) 6 തെങ്ങ് മുറിച്ചു മാറ്റിയതിന്റെ സബ്സിഡി ഒന്നിന് 500/- രൂപ നിരക്കിൽ 3000/- രൂപ അനുവദിച്ചിട്ടുമുണ്ട്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/16.2.19) രേഖാമൂലം മറുപടി നൽകിയില്ല.ഗുണഭോക്തൃലിസ്റ്റിലില്ലാത്ത വ്യക്തിക്ക് അനുവദിച്ച സബ്സിഡി തിരികെ ഈടാക്കി അർഹരായ ഗുണഭോക്താവിന് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ ചെലവു തുക 3000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-14 സാക്ഷരത തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട്-11/18

നിർവ്വഹണം-ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ

ട്രഷറി ബിൽ നം-3/23.8.17 തുക-15750/-

4/23.8.17 തുക-11700

7/18.1.18 തുക- 22550

ആകെ 50000/-

പത്താംതരം, പ്ലസ് 2 പഠിതാക്കളുടെ പഠനത്തിനാവശ്യമായ കോഴ്സ് ഫീസ് സാക്ഷരതാ മിഷന് നൽകുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്.14 പ്ലസ് 2 പഠിതാക്കൾക്ക് 1950/- രൂപ വീതം 27300/- രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന്റെ അക്കൗണ്ട് നമ്പർ 02880100113107 ലേക്കും 13പത്താംതരം പഠിതാക്കൾക്ക് 1750/- രൂപ വീതം 22750/- രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ട് നമ്പർ 57026996123 ലേക്കും അടവാക്കിയിട്ടുണ്ട്. പഠിതാക്കളുടെ 2018-19 ലെ രജിസ്ട്രേഷൻ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്.എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

സാക്ഷരതാ പഠനത്തിന് ഫീ അടവാക്കുന്ന പഠിതാക്കൾ സാക്ഷരതാ ക്ലാസുകളിൽ പങ്കെടുത്ത് പരീക്ഷ എഴുതുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, ആയത് വികസന ഫണ്ട് വിഹിതം പാഴാക്കുന്നത് ഒഴിവാക്കാൻ സഹായിക്കുന്നതുമാണ്.

പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പരീക്ഷാ ഹാൾ ടിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ ചെലവു തുക 50000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് കരാട്ടെ പരിശീലനം - പരിശീലകന് അധിക തുക അനുവദിച്ചു.

പ്രൊജക്ട് നം-128/18 (സ്പിൽ ഓവർ)

നിർവ്വഹണം-ഹെഡ് മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ

ട്രഷറി ബിൽ നം-8/26.2.18 തുക- 33309/-

ഗ്രാമപഞ്ചായത്ത് പരിധിയിലെ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് കരാട്ടെ പരിശീലം നൽകുന്നതിനായി 2016-17 ൽ ഏറ്റെടുത്ത പ്രൊജക്ടാണിത് 7.2.17 ൽ നടത്തിയ ക്വട്ടേഷനിൽ കുറവു തുകയായ ഒരു കുട്ടിക്ക് 150/- രൂപ ക്വാട്ട് ചെയ്ത ജോയ്സെബാസ്റ്റിൻ, അച്ചാംപറമ്പിൽ, ചേലക്കോട് (അക്കൗണ്ട് നം.005505300032717) എന്നവരുടെ ക്വട്ടേഷൻ 13.2.17 ലെ ഭരണസമിതി അംഗീകരിച്ചിരുന്നു.എന്നാൽ പ്രൊജക്ട് 2017-18 ൽ സ്പിൽ ഓവറായി ഏറ്റെടുക്കുകയും 2018 ജനവരി, ഫെബ്രുവരി മാസങ്ങളിൽ കരാട്ടെ ക്ലാസ് നടത്തിയതിന് പ്രതിഫലമായി മേൽ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്റ്റിൽ 100 പേർക്കുള്ള വിഹിതമായാണ് 33309/- രൂപ വകയിരുത്തിയിരിക്കുന്നത്. ക്വട്ടേഷനിൽ കുറവ് തുക 150/- രൂപ രേഖപ്പെടുത്തിയതിനാൽ പരിശീലകന് അനുവദിക്കാവുന്ന ആകെ തുക 150*100 =15000/- രൂപ യാണ്. എന്നാൽ ക്വട്ടേഷൻ തുക പരിഗണിക്കാതെ പ്രൊജക്റ്റിൽ വകയിരുത്തിയ തുക മുഴുവൻ അനുവദിച്ചതിനാൽ വികസനഫണ്ടിൽ നിന്നും 18309/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

2. സ്കൂൾ അധികൃതരിൽ നിന്നും 100 ഗുണഭോക്താക്കളുടെ ലിസ്റ്റ് സാക്ഷ്യപ്പെടുത്തി വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പരിശീലനം നടത്തിയതിനു തെളിവായി അറ്റൻഡൻസ് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ ആയതിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം, എസ്.എസ്.എൽ.സി,ഹയർസെക്കണ്ടറി വിദ്യാർത്ഥിനികളാണോ എന്ന വിവരം പരിശീലന കാലയളവ്, പരിശീലനം നടത്തിയ സ്ഥലം, സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധിക തുക തിരികെ ഈടാക്കി വികസനഫണ്ടിൽ അടവാക്കേണ്ടതുമാണ്.

# 3-16 കായികഗ്രാമം-ആരോഗ്യഗ്രാമം-കളി ഉപകരണങ്ങൾ വാങ്ങൽ- ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ഹാജരാക്കിയില്ല.

പ്രൊജക്റ്റ് നം-198/18

നിർവ്വഹണം-ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ

ട്രഷറി ബിൽ നം-6/10.1.18 തുക-98000/-

2017-18 സാമ്പത്തികവർഷം 40 ക്ലബുകൾക്ക് സ്പോർട്സ് കിററ് വിതരണം ചെയ്യുന്നതിനായി കെ.പി.എം.സ്റ്റോഴ്സ് ചെർപ്പുളശ്ശേരിയുടെ ഇൻവോയ്സ് നമ്പർ 021/28.12.17 പ്രകാരം ഒരു കിറ്റിന് 2450/- രൂപ നിരക്കിൽ 98000/- രൂപയ്ക്ക് സ്പോർട്സ് കിറ്റ് വാങ്ങിയിട്ടുണ്ട്. 23.2.18 ലെ ഭരണസമിതിയുടെ 2(27) തീരുമാനപ്രകാരം പഞ്ചായത്ത് രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് അനുവദിക്കാൻ തീരുമാനിച്ചു. ആയതു പ്രകാരം 40 ക്ലബ്ബുകൾക്ക് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(സാധാ)811/2018/തസ്വഭവ തി.26.03.18 പ്രകാരം രജിസ്ട്രേഷനുള്ള ക്ലബ്ബുകൾക്ക് 5000/-രൂപ വരെയുള്ള സ്പോട്സ് കിറ്റുകൾ നൽകാം. ആയതു പ്രകാരം 26.03.18ന് 2000/-രൂപ വരെയുള്ള സ്പോട്സ് കിറ്റിനെ അർഹതയുള്ളു. ആയതിനാൽ അധികം നൽകിയ (450X40/-രൂപ)18000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ലബ്ബുകളാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക നിരാകരണം കഴിച്ച് ബാക്കിയുള്ള 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.7/13.2.19).

# 3-17 നിലാവ്-വയോജനസൗഹൃദ പഞ്ചായത്ത് , വൃദ്ധർക്ക് കട്ടിൽ & ഊന്നുവടി, മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഏറ്റെടുത്ത് നടപ്പാക്കി

പ്രൊജക്റ്റ് നം-26/18 (നിലാവ് – വയോജന സൗഹൃദ ഗ്രാമപഞ്ചായത്ത് (വൃദ്ധർക്ക് കട്ടിൽ & ഊന്നുവടി)

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ- വികസനഫണ്ട് -465000/-

ചെലവു തുക- 2017-18- ട്രഷറി ബിൽ നം-12/23.318 തുക-374000/- (കട്ടിൽ )

2018-19- ട്രഷറി ബിൽ നം-2/25.5.18 തുക-88200/- (ഊന്നുവടി)

സർക്കാർ ഉത്തരവ് ജി.ഒ(എം.എസ് ) 80/17 ത.സ്വ.ഭ.വ തിയതി.3.4.17 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 12.4 പ്രകാരം വൃദ്ധർക്ക് മരുന്നുകിറ്റ്, ഊന്നുവടി, കസേര എന്നിവയ്ക്ക് സബ്സിഡി നൽകൽ അനുവദനീയമല്ല. 2018-19 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖയിലും ഇവ അനുവദനീയമല്ലെന്ന് പരാമർശിച്ചിട്ടുള്ളതാണ്. ആയവ

പരിഗണിക്കാതെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി വൃദ്ധർക്ക് കട്ടിൽ & ഊന്നുവടി പ്രൊജക്ട് ഏറ്റെടുത്ത് വിതരണം ചെയ്തതായി കാണുന്നു.

2017-18 സാമ്പത്തികവർഷം പ്രൊജക്ട് തയ്യാറാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശുപാർശ-2/27.5.17 തുക-465000/-

ഭരണാനുമതി- സെക്രട്ടറി- എം.ജയലക്ഷ്മി. തീരുമാനം 1/30.5.17 തുക-465000/-

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം-ഫോറം 5, 11 ലെ വ്യവസ്ഥകൾ പരിശോധിച്ചതായുള്ള സാക്ഷ്യപത്രം.

നിർവ്വഹണോദ്യോഗസ്ഥൻ-അശ്വതി.സി.എസ്.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ

അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥന്റെ അംഗീകാര പത്രം-ഫോറം 5,V

തീരുമാനം നമ്പർ-19/17-18 തിയതി- 22.6.17

ഉദ്യോഗസ്ഥൻ- സരസ്വതി.എ.സി.ഡി.പി.ഒ

20.10.17 ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 88 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്.23.2.18ലെ 2/26 തീരുമാനപ്രകാരം ഊന്നുവടി ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്നതിന് ഐ.സി.ഡി.എസ് സൂപ്പർ വൈസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക കൈമാറിയിരിക്കുന്നത് 2018-19 ലാണ്.

കട്ടിൽ വിതരണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകത താഴെ കൊടുക്കുന്നു.

കട്ടിലിനായി അപേക്ഷ സമർപ്പിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും റേഷൻകാർഡിന്റെ പകർപ്പ്, ആധാർകാർഡിന്റെ പകർപ്പ് എന്നിവ മാത്രം കൈപ്പറ്റി കട്ടിൽ നൽകിയതായി കാണുന്നു. കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച ഗുണഭോക്തൃരജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ഒരു ഗുണഭോക്താവ് തന്നെ ഒന്നിലധികം തവണ ഒരേ ആനുകൂല്യം കൈപ്പറ്റാതിരിക്കുന്നതിന് മേൽ രജിസ്റ്റർ തയ്യാറാക്കുന്നത് ഗുണകരമാകും എന്ന വസ്തുത നിർവ്വഹണോദ്യോഗസ്ഥയുടെ ശ്രദ്ധയിൽപെടുത്തുന്നു.

കട്ടിലിനോടൊപ്പം മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത ഊന്നുവടി എന്ന ഘടകം ഉൾപ്പെടുത്തുകയും 2018-19 ൽ ആയതിനു വേണ്ടി തുക ചെലവഴിക്കുകയും ചെയ്തതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കി വികസനഫണ്ടിൽ തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-18 വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലന പരിപാടി-രേഖകളിൽ കൃത്യതയില്ല

പ്രൊജക്ട് നം-21/18

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ട്രഷറി ബിൽ നം-13/21.3.18 തുക- 99900/-

പ്രൊജക്ടിലെ സൂക്ഷ്മമേഖല കോഡിൽ 10 മുതൽ 20 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികളുടെ സ്വയം സുരക്ഷാപരിശീലനം എന്നു രേഖപ്പെടുത്തുകയും, എന്നാൽ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളിൽ വനിതാ ഗൃഹനാഥ, വിധവകളായ സ്ത്രീകൾ, രോഗികൾ, ഭിന്നശേഷിയുള്ള സ്ത്രീകളുള്ള കുടുംബം എന്നും രേഖപ്പെടുത്തി കാണുന്നു. പ്രൊജക്ട് രൂപീകരണഘട്ടത്തിൽ വന്ന അപാകത ശ്രദ്ധയിൽപെടുത്തുന്നു.

10.11.17ൽ നടത്തിയ ക്വട്ടേഷനിൽ കുറവു തുകയായ ഒരാൾക്ക് 450/-രൂപ ക്വാട്ട് ചെയ്ത ജോയ്സെബാസ്റ്റിൻ, അച്ചാംപറമ്പിൽ, ചേലക്കോട് (അക്കൗണ്ട് നം.005505300032717) എന്നവരുടെ ക്വട്ടേഷൻ 13.11.17 ലെ ഭരണസമിതി അംഗീകരിച്ചിരുന്നു. 2018 ജനവരി 19 മുതൽ ഫെബ്രുവരി 19 വരെ കരാട്ടെ ക്ലാസ് നടത്തിയതിന് പ്രതിഫലമായി 222

പേർക്ക് 450 രൂപ വീതം കണക്കാക്കി പരിശീലകന് മേൽ പ്രകാരമുള്ള തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

2. അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ല

3. പരിശീലനം നടത്തിയതിനു തെളിവായി അറ്റൻഡൻസ് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്.എന്നാൽ ആയതിൽ ആകെ ഗുണഭോക്താക്കളുടെ എണ്ണം, ,പരിശീലനം നടത്തിയ സ്ഥലം,സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.ഗുണഭോക്താക്കളുടെ സ്ഥാനത്ത് കുട്ടികളുടെ പേര് രേഖപ്പെടുത്തി മാതാവ് ഒപ്പിട്ടിരിക്കുന്നു.ആയതിനാൽ യഥാർത്ഥ ഗുണഭോക്താവ് ആരെന്നു വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 21/20.2.19 ന് മറുപടി ലഭ്യമാക്കിയില്ല.രേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 99900/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

# 3-19 യോഗപരിശീലനം-സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തി

പ്രൊജക്ട് നം-17/18

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ട്രഷറി ബിൽ നം-12/17.3.18 തുക-199975/-

പ്രൊജക്ട് ലക്ഷ്യം- ആയുഷുമായി സഹകരിച്ച് യോഗാപരിശീലകനെ ടെണ്ടർ മുഖേന കണ്ടെത്തി പഞ്ചായത്തിന്റെ യോഗാപരിശീലനത്തിനുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഒരു മാസം നീണ്ടു നിൽക്കുന്ന യോഗാപരിശീലന കോഴ്സുകൾ അഭ്യസിപ്പിക്കണം.

പ്രൊജക്ട് ഭരണാനുമതി- തീരുമാനം നം.1/30.5.17 ,എം.ജയലക്ഷ്മി,സെക്രട്ടറി

സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ(ക്ഷേമകാര്യം)-തീരുമാനം നം -3/27.5.17

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം-അശ്വതി.ഐ.സി.ഡി.എസ് സൂപ്പർ വൈസർ

അംഗീകാരം നൽകിയ ഉദ്യാഗസ്ഥൻ-മുബാറക്.വി.എം, ഇ.ഒ.ഡബ്ലിയു.ഡബ്ലിയു

തീരുമാനം-11/29.6.17

മേൽ പ്രൊജക്ടിന് അംഗീകാരം ലഭിച്ചതിനു ശേഷം 10.11.17 ൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ടെണ്ടറിൽ ഒരു വ്യക്തിക്ക് 30 ദിവസം പരിശീലിപ്പിക്കുന്നതിനാവശ്യമായ തുക ക്വാട്ട് ചെയ്യാനാണ് വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നത്. ആയതുപ്രകാരം 2 ടെണ്ടർ ലഭിച്ചിട്ടുണ്ട്.

1. ബിന്ദു ശിവകുമാർ, മാങ്ങാട്ടിളി പൂണത്ത്, മായന്നൂർ-എസ്റ്റിമേറ്റ് തുകയേക്കാൾ 5% കുറവ്-475/-

2. ശിവകുമാർ, ഐശ്വര്യ, മായന്നൂർ-(ആധാർ കാർഡ് പ്രകാരം ശിവകുമാർ, മാങ്ങാട്ടിളി പൂണത്ത്, മായന്നൂർ)-എസ്റ്റിമേറ്റ് തുക 500/-

ഒരാൾക്ക് 500/-രൂപ എന്ന എസ്റ്റിമേറ്റ് നിരക്കിലേക്ക് രണ്ടു അപേക്ഷകരും എപ്രകാരം എത്തി എന്നതു വ്യക്തമല്ല. ശിവകുമാർ എന്ന വ്യക്തി യോഗാപരിശീലകനാണെന്നു തെളിയിക്കുന്ന യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

ലഭിച്ച ടെണ്ടറിൽ ഒരു വ്യക്തിക്ക് 475/- രൂപ ക്വാട്ട് ചെയ്ത ബിന്ദു, മാങ്ങാട്ടിളി പൂണത്തിന്റെ ടെണ്ടർ 13.11.17 ലെ 5(2) തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു നൽകി. പ്രൊജക്ടിൽ 300 ഗുണഭോക്താക്കൾക്ക് പരിശീലനത്തിനായാണ് തുക വകയിരുത്തിയിരുന്നതെങ്കിലും ഗ്രാമസഭ അംഗീകരിച്ച 150പേരുടെ ഗുണഭോക്തൃലിസ്ററ് മാത്രമാണ് പ്രൊജക്ടിനായി തയ്യാറാക്കിയിരുന്നത്.ആയതിനാൽ തന്നെ 26.12.17 മുതൽ 28.1.18 വരെയുള്ള കാലയളവിലെ 458 പേരുടെ അറ്റൻഡൻസ് പരിശീലക നിർവ്വഹണോദ്യോഗസ്ഥക്ക് കൈമാറിയിട്ടുണ്ട്.

പ്രൊജക്ടിലെആസൂത്രണ നിർവ്വഹണ ഘട്ടത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആയുഷ് വകുപ്പുമായി സഹകരിച്ച് യോഗാപരിശീലകനെ കണ്ടെത്തുന്നതിന് ഏതെങ്കിലും തരത്തിൽ ശ്രമിച്ചതായി യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല.

2. സ.ഉ (സാധാ) നം.3190/17 ത.സ്വ.ഭ.വ പ്രകാരം യോഗാപരിശീലകന് പ്രതിദിനം 400/- രൂപ നിരക്കിൽ പ്രതിമാസം 12000/- രൂപ അനുവദിക്കാനാണ് ഉത്തരവിറക്കിയിട്ടുള്ളത്.ആയതിനു പകരം ഒരു വ്യക്തിക്ക് 30 ദിവസം പരിശീലിപ്പിക്കുന്നതിനാവശ്യമായ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചതിനാൽ പരിശീലകന് 1,99975/- രൂപ ഒരു മാസം പ്രതിഫലമായി നൽകുകയുണ്ടായി.

3. 3.10.17 ൽ മേൽപറഞ്ഞ ഉത്തരവ് ഇറങ്ങിയതിനു ശേഷം മാത്രമാണ് പ്രൊജക്ടിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്.ആയതിനാൽ തന്നെ പ്രൊജക്ടിന്റെ തുടർനടപടികൾ അവസാനിപ്പിച്ച് പ്രൊജക്ട് ഭേദഗതി ചെയ്യാനുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിരുന്നുവെങ്കിൽ സർക്കാർ ഫണ്ടിന് ഇത്ര ഭീമമായ നഷ്ടം സംഭവിക്കാനുള്ള സാധ്യത ഒഴിവാക്കാമായിരുന്നു.

4. 458 പേരുടെ അറ്റൻഡൻസ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഏതെല്ലാം സ്ഥലങ്ങളിൽ വെച്ചാണ് പരിശീലനം നടത്തിയതെന്നു വ്യക്തമാക്കുന്ന യാതൊരു രേഖപ്പെടുത്തലും രജിസ്റ്ററിൽ ഇല്ല.

5. പരിശീലകനുമായി കരാറിൽ ഏർപ്പെട്ടതിന് മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വ്യവസ്ഥകൾ രേഖപ്പെടുത്തുകയോ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

യോഗാ പരിശീലനത്തിനായി പരിശീലകനെ പ്രതിമാസം 12000/- രൂപ നിരക്കിൽ തെരഞ്ഞെടുക്കുന്നതിനു പകരം ടെണ്ടർ നടപടികളിലൂടെ ഒരു മാസത്തെ പരിശീലനത്തിന് 199975/- രൂപ അനുവദിച്ചതു വഴി വികസനഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-20 വൃദ്ധർക്ക് യോഗപരിശീലനം-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം- 125/18 (സ്പിൽ ഓവർ)

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ട്രഷറി ബിൽ നം-1/25.7.17 തുക-150000/-

2016-17 സാമ്പത്തികവർഷം വൃദ്ധർക്ക് യോഗാ പരിശീലനത്തിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് 2017-18 ൽ സ്പിൽ ഓവറായി ഏറ്റെടുക്കുകയും പരിശീലകയായ ബിന്ദു w/o ശിവകുമാർ,മാങ്ങാട്ടിളി പൂണത്ത്, മായന്നൂർ എന്നവരുടെ അക്കൗണ്ടിലേക്ക് (നം.017605300004894) 150000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.21/20.2.19 ന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.

1. പ്രൊജക്ടിനു വേണ്ടി പരിശീലകയെ എപ്രകാരം കണ്ടെത്തി എന്നു തെളിയിക്കുന്ന രേഖകൾ

2. ടെണ്ടർ നടപടികളുടെ വിവരം

3. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും വൃദ്ധരുടെ പേരു വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ആകെ 432 പേരുടെ മേൽവിലാസം ആയതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

4. പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപ വീതം എന്നു കണക്കാക്കിയാണ് പ്രൊജക്ടിൽ വകയിരുത്തിയ തുക അനുവദിച്ചത് എന്നു വ്യക്തമാക്കുന്ന രേഖകൾ ഇല്ല.

5. ഗ്രാമസഭ അംഗീകരിച്ച് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 150000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-21 അങ്കണവാടി പോഷകാഹാരം -സ്റ്റോക്ക് രജിസ്റ്റർ

## പരിപാലിക്കുന്നതിൽ കൃത്യതയില്ല.

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

2017-18 സാമ്പത്തികവർഷത്തെ പോഷകാഹാര വിതരണത്തിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ,ഹെൽത്തി അമൃതം ഫുഡ് മങ്ങാട് എന്നിവിടങ്ങളിൽ നിന്ന് സ്റ്റോക്ക് ഇറക്കിയിട്ടുണ്ട്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥ കാര്യക്ഷമത പുലർത്തിയിട്ടില്ല.

1.ഹെൽത്തി അമൃതം ഫുഡ് മങ്ങാട് എന്ന സ്ഥാപനത്തിന്റെ ടി.എച്ച്.ആർ.എസ് ന്റെ ഇൻവോയ്സുകൾ കി.ഗ്രാം കണക്കിലും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പാക്കറ്റ് കണക്കിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കി.ഗ്രാമിനെ പാക്കറ്റ് കണക്കിലേക്ക് മാറ്റുമ്പോൾ ആയത് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

2.സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഇറക്കിയ സ്റ്റോക്കും അങ്കണവാടികൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയ സ്റ്റോക്കും പൊരുത്തപ്പെടുന്നില്ല.

| ഇഷ്യൂ നമ്പർ | ഇറക്കിയത് | സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയത് | കുറവ് | വില |
|---|---|---|---|---|
| 0802103/17906 തിയതി-22.8.17 ട്രഷറി ബിൽ നം.1/15.9.17 തുക-182235/- | ഗോതമ്പ് 86 ബാഗ് (86*25=2150) | 2100 കി.ഗ്രാം | 50 കി.ഗ്രാം | 25 കി.ഗ്രാമിന് 1256.85 രൂപ നിരക്കിൽ 50 കി.ഗ്രാമിന് 2514/- |
| 0802103/171381 തിയതി.17.11.17 ട്രഷറി ബിൽ നം.8/25.1.18 തുക-182338/- | ഗോതമ്പ് 94 ബാഗ് (94*25=2350) | 2325 കി.ഗ്രാം | 25 കി.ഗ്രാം | 25 കി.ഗ്രാമിന് 1256.85 രൂപ (1257/-) |
| | | ആകെ | 75 കി.ഗ്രാം | 3771/- |

അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കി ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും ലഭ്യമായിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതും അല്ലാത്ത പക്ഷം സ്റ്റോക്ക് ഇറക്കിയതിൽ കുറവായി ഇറക്കിയ ഗോതമ്പിനു നൽകിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

തൻവർഷം റോഡ്, റോഡിതരസംരക്ഷണഗ്രാന്റ് വകയിരുത്തിയ മരാമത്ത് പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രൊജക്ടുകളുടെ എണ്ണം | തുക₹ |
|---|---|---|
| രൂപീകരിച്ചത്/ | 37 | 11531891 |

| | | |
|---|---|---|
| വകയിരുത്തിയത് | | |
| നടപ്പാക്കിയത്/ ചെലവഴിച്ചത് | 27 | 6234814 |
| ശതമാനം | 73% | 54% |

സംരക്ഷണഗ്രാന്റ് വകയിരുത്തിയ പ്രൊജക്ടുകളിൽ 73 %പ്രൊജക്ടുകളാണ് നടപ്പാക്കിയിരിക്കുന്നത്. വകയിരുത്തിയ തുകയുടെ 54% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിരിക്കുന്നത്.

ആസ്തികളുടെ സംരക്ഷണപ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങളുണ്ടായിരുന്നു. സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല ഗ്രാമപഞ്ചായത്തുകളുടെ ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണത്തിനുള്ള നടപടിക്രമങ്ങൾ വിവരിക്കുന്ന അസറ്റ് മാനേജ്മെന്റ് മാന്വൽ സ.ഉ.(ആർ.ടി.)166/17/തസ്വഭവ തിയതി 20.1.2017 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ആസ്തി സംരക്ഷണപദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.17/20.2.2019)

# 3-23 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മാരാമത്ത് പ്രവൃത്തികളിലൊന്നും ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തുകയോ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ: 17/20.2.2019)

# 3-24 റോഡ് കണക്റ്റിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്ടിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കാര്യക്ഷമമായി റോഡ് നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റേയും പദ്ധതിയുടേയും അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-25 വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രൊജക്ടുകളുടെ | തുക₹ |
|---|---|---|

| | എണ്ണം | |
|---|---|---|
| രൂപീകരിച്ചത്/ വകയിരുത്തിയത് | 110 | 31367067 |
| നടപ്പാക്കിയത്/ ചെലവഴിച്ചത് | 75 | 17052492 |
| ശതമാനം | 68% | 54.36% |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/21.2.2019 ന് നൽകിയ മറുപടിയിൽ ബിറ്റുമിന്റെ വിലവർദ്ധന കാരണം പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ താത്പര്യം പ്രകടിപ്പിക്കാത്തതാണ് വിനിയോഗ ശതമാനം കുറയാൻ കാരണമെന്ന് അറിയിച്ചിട്ടുണ്ട്. 2017-18 ൽ അംഗീകാരം ലഭിച്ച 110 പ്രൊജക്ടുകളിൽ (സ്പിൽ ഓവർ ഉൾപ്പെടെ) 10 പ്രൊജക്ടുകൾക്ക് മാത്രമാണ് അടങ്കൽ അഞ്ച് ലക്ഷമോ അതിൽ കൂടുതലോ ഉണ്ടായിരുന്നത്. അഞ്ച് ലക്ഷത്തിൽ താഴെയുള്ള പ്രൊജക്ടുകളൊന്നും ഇ-ടെണ്ടർ ചെയ്തിരുന്നില്ല. പ്രൊജക്ടുകളുടെ നിർവ്വഹണത്തിലെ കുറവ് സംബന്ധിച്ച് ഭരണ സമിതി ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ച് മുഴുവൻ പ്രൊജക്ടുകളും നടപ്പാക്കാൻ ഭാവിയിൽ യത്നിക്കേണ്ടതാണ്.

# 3-26 പ്രൊജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃവിഹിതം കുറവ് ചെയ്യാതെ പദ്ധതി വിഹിതത്തിൽ നിന്നും മുഴുവൻ ബിൽ തുകയും ചെലവ് ചെയ്തു

മുൻവർഷങ്ങളിൽ ആരംഭിച്ചതും തൻവർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയതുമായ താഴെ പറയുന്ന കുടിവെള്ളപ്രൊജക്ടുകളിൽ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്ന രീതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബില്ലിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നാണ് ചെലവ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. പണ്ടാരം കുന്ന് കുടിവെള്ളപദ്ധതി**

പ്രൊജക്ട് നം. : 128/16,14/17,135/18

വകയിരുത്തിയ തുക :₹335000

(ധനകാര്യകമ്മീഷൻ അവാർഡ്-₹300000

ഗുണഭോക്തൃവിഹിതം നേരിട്ട്

ചെലവഴിക്കുന്നത്- ₹35000)

കരാറുകാരൻ : ശ്രീ. ടി.എൻ.മുരളീധരൻ(എസ്റ്റിമേറ്റ് നിരക്ക്)

കരാർ നമ്പർ : 47/19.8.15

ചെലവഴിച്ച തുക : 2015-16 ---₹161492

ട്രഷറി ബിൽ നം. 6/12.7.17;32543

അളവ് പുസ്തകം : 346/14-15

നിലവിലുള്ള കിണറിൽ 5 എച്ച്.പി. മോട്ടോർ പമ്പ് സെറ്റും അതിനോടനുബന്ധിച്ച് പമ്പ് ഹൗസ്, ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുമായിരുന്നു പ്രൊജക്ട് തയ്യാറാക്കിയിരുന്നത്. 2015-16 ൽ ആരംഭിച്ച ഈ പ്രൊജക്ടിൽ ധനകാര്യകമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നും 300000 രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതമായി 35000രൂപയും അടക്കം 335000 രൂപയാണ് വകയിരുത്തിയിരുന്നത്. തുടർന്നുള്ള എല്ലാ സ്പിൽ ഓവർ പ്രൊജക്ടുകളിലും 35000രൂപ ണഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുണ്ട്. ഒന്നാം പാർട്ട് ബിൽ ആയി 2015-16 ൽ ₹161492 ചെലവഴിച്ചിട്ടുണ്ട്. ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകാതിരുന്നതിനാൽ നിലവിലുള്ള ലൈനിലേക്ക് നേരിട്ട്

വെള്ളം പമ്പ് ചെയ്യുന്ന രീതിയിൽ എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. അതനുസരിച്ച് പൂർത്തിയാക്കിയ പ്രൊജക്റ്റിന്റെ ആകെ പ്രവൃത്തി മൂല്യം 194035 രൂപയാണ്. നേരിട്ട് ചെലവഴിച്ച 10 % ഗുണഭോക്തൃവിഹിതം കുറവ് ചെയ്ത് ചെലവഴിക്കാവുന്ന തുക, അധികം ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | തുക₹ |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 194035 |
| (-) 10% ഗുണഭോക്തൃവിഹിതം | 19402 |
| ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിക്കാവുന്ന തുക | 174633 |
| ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ച തുക | 1)ഒന്നാം പാർട്ട് ബിൽ തുക- 161492<br>2)ഫൈനൽ ബിൽ തുക-32543<br>ആകെ---194035 |
| അധികം ചെലവഴിച്ച തുക | 19402 |

**2. ചൂരിക്കോട്ടിൽ വെളുത്തേടത്ത് ഭാഗം സ്വാശ്രയ കുടിവെള്ളപദ്ധതി**

പ്രൊജക്റ്റ് നം. : 124/16,37/17,139/18

വകയിരുത്തിയ തുക :₹335000

(ധനകാര്യകമ്മീഷൻ അവാർഡ്-₹300000

ഗുണഭോക്തൃവിഹിതം നേരിട്ട്

ചെലവഴിക്കുന്നത്- ₹35000)

കരാറുകാരൻ : ശ്രീ. ടി.എൻ.മുരളീധരൻ(എസ്റ്റിമേറ്റ് നിരക്ക്)

കരാർ നമ്പർ : 46/19.8.15

ചെലവഴിച്ച തുക : ട്രഷറി ബിൽ നം. 4/12.7.17;₹300000

അളവ് പുസ്തകം : 362/14-15

നിലവിലുള്ള കിണറിൽ 5 എച്ച്.പി. മോട്ടോർ പമ്പ് സെറ്റും അതിനോടനുബന്ധിച്ച് പമ്പ് ഹൗസ്, ടാങ്ക്, പൈപ്പ്ലൈൻ എന്നിവ സ്ഥാപിക്കുന്നതിനുമായിരുന്നു പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നത്. 2015-16ൽ ആരംഭിച്ച ഈ പ്രൊജക്റ്റിൽ ധനകാര്യകമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നും 300000 രൂപയും നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതമായി 35000രൂപയും അടക്കം 335000 രൂപയാണ് വകയിരുത്തിയിരുന്നത്. തുടർന്നുള്ള സ്പിൽ ഓവർ പ്രൊജക്റ്റുകളിലും 35000രൂപ ഗുഭോക്തൃവിഹിതമായി വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള കിണറിൽ ജലലഭ്യത കുറവായതിനാൽ പുതിയ കുഴൽകിണർ നിർമ്മിക്കേണ്ടിവന്നതിനാൽ ടാങ്ക്, പ്ലാറ്റ്ഫോം എന്നിവ ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. അതനുസരിച്ച് പൂർത്തിയാക്കിയ പ്രൊജക്റ്റിന്റെ ആകെ പ്രവൃത്തി മൂല്യം 300000 രൂപയാണ്. നേരിട്ട് ചെലവഴിച്ച 10 % ഗുണഭോക്തൃവിഹിതം കുറവ് ചെയ്ത് ചെലവഴിക്കാവുന്ന തുക, അധികം ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | തുക₹ |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 300000 |
| (-) 10% ഗുണഭോക്തൃവിഹിതം | 30000 |
| ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിക്കാവുന്ന തുക | 270000 |
| ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും ചെലവഴിച്ച തുക | ഫൈനൽ ബിൽ തുക- 300000 |
| | |

| | |
|---|---|
| അധികം ചെലവഴിച്ച തുക | 30000 |

മേൽ പറഞ്ഞ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/20.2.2019ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി പ്രൊജക്ട് ഭേദഗതി വരുത്താത്തതിന് കാരണം വ്യക്തമാക്കുന്നില്ല. ഈ സാഹചര്യത്തിൽ 49402 രൂപയുടെ ചെലവ് (19402+30000)തടസ്സപ്പെടുത്തുന്നു.

## 3-27 ഒന്നാം ലെയർ മെറ്റലിംഗ് മാത്രം നടത്തിയ റോഡുകൾ ടാറിംഗ് ചെയ്യാനുള്ള പ്രൊജക്ടുകൾ തയ്യാറാക്കിയില്ല

തദ്ദേശഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 10.8.2016 ലെ സർക്കുലർ നം.DB3/6512/2013/CE/LSGD പ്രകാരം ഗതാഗതം കുറവുള്ള ഗ്രാമീണറോഡുകളിൽ WMM base layer നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കുലറിനുമുമ്പ് തന്നെ പല തദ്ദേശഭരണസ്ഥാപനങ്ങളും റോഡ് പ്രൊജക്ടുകളിൽ WMM നു പകരം WBM ലുള്ള ഒന്നാം ലെയർ മെറ്റലിംഗിന് മാത്രമുള്ള പ്രൊജക്ടുകൾ തയ്യാറാക്കിയതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി 2016-17 വർഷത്തേക്ക് മാത്രം ആയതിന് പ്രസ്തുത സർക്കുലറിൽ അനുവാദം നൽകിയിരുന്നു. കൊണ്ടാഴി ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ കുറെ പ്രൊജക്ടുകൾക്ക് 2016-17 ൽ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവ സ്പിൽ ഓവർ പ്രൊജക്ടുകളായി 2017-18 ലാണ് നിർവ്വഹിച്ചിരിക്കുന്നത്. പ്രസ്തുത റോഡുകളുടെ തുടർന്നുള്ള പ്രവൃത്തികൾ MoRD ഡാറ്റാ ഉപയോഗിച്ച് പൂർത്തിയാക്കേണ്ടതായിരുന്നു. ഒന്നാം ലെയർ മെറ്റലിംഗ് മാത്രം നടത്തിയ 8 റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിച്ചതിന്റേയും ചെലവ് നടത്തിയതിന്റേയും വിശദാംശങ്ങൾ 16.2.19 ലെ ഓഡിറ്റ് എൻക്വയറി നം.16 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് നൽകിയ മറുപടിയിൽ താഴെ പറയുന്ന രോഡുകൾ ഒഴികെ മറ്റുള്ളവയെല്ലാം പൂർത്തിയാക്കിയതായി അറിയിച്ചിട്ടുണ്ട്. ഈ റോഡുകളും ഗതാഗതത്തിന് അനുയോജ്യമായ രീതിയിൽ ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര് | ട്രഷറി ബിൽനം./ തിയതി | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 130/17,161/18,ഉറവൻചാൽ കണ്ണങ്കര റോഡ് ഫസ്റ്റ് മെറ്റലിംഗ് | 33/22.9.17 | 229942 |
| 2 | 133/17,164/18,വലിയകുളം പൂണത്ത് പടി റോഡ് ഫസ്റ്റ് മെറ്റലിംഗ്& പാർശ്വഭിത്തി നിർമ്മാണം | 9/21.7.17 | 254063 |

## 3-28 റോഡ് സംരക്ഷണഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചു

തദ്ദേശഭരണവകുപ്പിന്റെ 28.11.2012 ലെ സർക്കുലർ നം.68228/എഫ്.എം.1 പ്രകാരം തദ്ദേശഭരണസ്ഥാപനത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റക്കുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് സംരക്ഷണഗ്രാന്റ് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശഭരണസ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റക്കുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഏകകണ്ഠമായ തീരുമാനമെടുത്തതിന് ശേഷമായിരിക്കണം സംരക്ഷണഗ്രാന്റ് നിർമ്മാണപ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്.

കൊണ്ടാഴി ഗ്രാമപഞ്ചായത്ത് തൻവർഷം റോഡ് സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് മെറ്റലിംഗ്,ടാറിംഗ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട്നം/പേര് | ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|
| 1. | 148/18,വഴക്കപ്പാറ റോഡ് മെറ്റലിംഗ്,ടാറിംഗ് | ട്ര.ബി.നം. 13/21.7.17;352151 | അളവ് പുസ്തകം 242/16-17 പ്രകാരം wmm,prime coat, tack coat,chipping carpet,seal coat etc. എന്നിവ നിർവ്വഹിച്ചിട്ടുണ്ട് |
| 2. | 140/18, മാങ്കുളം ആശാരിത്തറ റോഡ് മെറ്റലിംഗ്,ടാറിംഗ് | ട്ര.ബി.നം.12/21.7.17; 390778 | അളവ് പുസ്തകം 213/16-17 പ്രകാരം wmm,prime coat, tack coat,chipping carpet,seal coat എന്നിവ നിർവ്വഹിച്ചിട്ടുണ്ട് |
| 3. | 153/18, എഴുന്നള്ളത്ത് കാവ് മൺപാത്ര സൊസൈറ്റി റോഡ് മെറ്റലിംഗ്,ടാറിംഗ് | ട്ര.ബി.നം.19/14.8.17; 178593 | അളവ് പുസ്തകം 324/16-17 പ്രകാരം wmm,prime coat, tack coat,chipping carpet,seal coat എന്നിവ നിർവ്വഹിച്ചിട്ടുണ്ട് |
| 4. | 154/18,പാമ്പിൻകാവ് റോഡ് മെറ്റലിംഗ്,ടാറിംഗ് | ട്ര.ബി.നം.21`/14.8.17; 154724 | അളവ് പുസ്തകം 323/16-17 പ്രകാരം wmm,prime coat, tack coat,chipping carpet,seal coat എന്നിവ നിർവ്വഹിച്ചിട്ടുണ്ട് |

റോഡ് സംരക്ഷണഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നത് സംബന്ധിച്ച ഭരണസമിതിയുടെ ഏകകണ്ഠമായ തീരുമാനം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/21.02.19ന് നൽകിയ മറുപടിയോടൊപ്പം ഭരണസമിതി തീരുമാനം ലഭ്യമാക്കുകയുണ്ടായില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി റോഡ് സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കുന്നത് ഒഴിവാക്കണമെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-29 <u>പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു</u>

2016-17 വർഷത്തിൽ ബാധകമായ പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ/11.1.2016 ലെ ഖണ്ഡിക 12.6(5), 2017-18 ലെ മാർഗ്ഗരേഖ സ.ഉ.(എം.എസ്.) നമ്പർ.72/2017/തസ്വഭവ/29.3.2017ലെ ഖണ്ഡിക 13(8) എന്നിവയിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം,പരിപാലനം എന്നിവക്കാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ സർക്കുലർ നം.ഡി.എ. 1/859/2017/തസ്വഭവ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച്

പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2016-17 ൽ ആരംഭിച്ച താഴെ പറയുന്ന റോഡുകളിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഫസ്റ്റ് മെറ്റലിംഗിനായി വിനിയോഗിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം/പേര് | ട്രഷറി ബിൽ നം./ ചെലവഴിച്ച തുക | വകയിരുത്തിയ ധനകാര്യകമ്മീഷൻ തുക₹ |
|---|---|---|---|
| 1. | 130/17,161/18,ഉറവൻചാൽ കണ്ണങ്കര റോഡ് ഫസ്റ്റ് മെറ്റലിംഗ് | 33/22.9.17; 229942 | 240000 |
| 2. | 107/17,141/18അംഗളൂർ കനാൽ റോഡ് സോളിംഗ് | 11/21.7.17; 50000 | 50000 |
| 3. | 133/17,164/18,വലിയകുളം പൂണത്ത് പടി റോഡ് ഫസ്റ്റ് മെറ്റലിംഗ്& പാർശ്വഭിത്തി നിർമ്മാണം | 9/21.7.17; 254063 | 350000 |
| 4. | 131/17,162/18,വെളുത്തേടത്ത് പാറ റോഡ് ഫസ്റ്റ് മെറ്റലിംഗ് | 5/12.7.17; 110000 | 110000 |
| 5. | 114/17,കുളക്കുന്നത്ത് മണപ്പള്ളിക്കാവ്റോഡ് ഫസ്റ്റ് മെറ്റലിംഗ് | 7/21.7.17; 100000 | 100000 |
| 6. | 141/17,171/18,കരിക്കലോടി പറമ്പ് റോഡ് ഫസ്റ്റ് മെറ്റലിംഗ് | 3/12.7.17; 125000 | 125000 |
| 7. | 142/17,172/18മാങ്കുളം കനാൽറോഡ് ഫസ്റ്റ് മെറ്റലിംഗ് | 2/12.7.17; 125000 | 125000 |
| 8. | 129/17,160/18,പൊന്നുകുന്ന് റോഡ് ഫസ്റ്റ് മെറ്റലിംഗ് | 1/12.7.17; 100000 | 100000 |

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

# 3-30 അധികം വാങ്ങിയ എമൽഷൻ ഉപയോഗിക്കാതെ സ്റ്റോക്കിൽ സൂക്ഷിക്കുന്നു

ലോകബാങ്ക് ധനസഹായം കൊണ്ട് നിർവഹിച്ച 5 പ്രവൃത്തികൾക്കായി ബിറ്റുമിൻ,എമൽഷൻ എന്നിവ തൻവർഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകിയിരുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ തിയതി ഇല്ലാത്ത 9/2016-17/ae/LSGD/kdy എന്ന നമ്പറിലുള്ള കത്ത് പ്രകാരം 49 ബാരൽ ബിറ്റുമിൻ, 6ബാരൽ ആർ.എസ്.1 എമൽഷൻ, 7 ബാരൽ എസ്.എസ്.1 എമൽഷൻ എന്നിവയാണ് വാങ്ങി നൽകുവാൻ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ 49 ബാരൽ ബിറ്റുമിൻ, 7 ബാരൽ ആർ.എസ്.1 എമൽഷൻ, 6 ബാരൽ എസ്.എസ്.1 എമൽഷൻ എന്നിവയാണ് സിഡ്കോയിൽ നിന്നും വാങ്ങിയിരിക്കുന്നത്. അതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തിയതി | ഇനം | ബാരലിന്റെ എണ്ണം | തുക₹ |
|---|---|---|---|
| RMDVNGST0044 | ബിറ്റുമിൻVG 30 | 10 | 53291 |
| RMDVNGST1088 | ബിറ്റുമിൻVG 30 | 39 | 207835 |
| RMDVNGST0089 | എമൽഷൻ | SS1 – 6 | 130104 |

| | | | |
|---|---|---|---|
| | | RS1 - 7 | |
| ആകെ | | | 391230 |

49 ബാരൽ ബിറ്റുമിൻ,6ബാരൽ ആർ.എസ്.1 എമൽഷൻ,6 ബാരൽ എസ്.എസ്.1 എമൽഷൻ എന്നിവ പ്രവൃത്തികൾക്കായി ഗുണഭോക്തൃസമിതികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 1 ബാരൽ ആർ.എസ്.1 എമൽഷൻ സ്റ്റോക്കിൽ അവശേഷിക്കുന്നു. പ്രവൃത്തികൾ പൂർത്തിയായതിനാൽ ബാക്കിയായ എമൽഷൻ ഉപയോഗിക്കാനാവാത്ത സാഹചര്യമാണ്. 200 കി.ഗ്രാം. ഉൾക്കൊള്ളുന്ന ഒരു ബാരൽ ആർ.എസ്.1 എമൽഷനായി ചെലവഴിച്ചത് കടത്ത് കൂലി അടക്കം 7766.54 രൂപയാണ്. കാലപ്പഴക്കം മൂലം എമൽഷൻ ഉപയോഗശൂന്യമാകുന്ന പക്ഷം പഞ്ചായത്തിന് അത്രയും രൂപയുടെ നഷ്ടം സംഭവിക്കുന്നതാണ്. ആയതിനാൽ പ്രസ്തുത എമൽഷൻ ഏതെങ്കിലും പ്രവൃത്തിക്ക് വിതരണം ചെയ്ത് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിന് ഉത്തരവാദിയായവരിൽ നിന്നും കടത്ത് കൂലിയടക്കം ഒരു ബാരലിന്റെ വില ഈടാക്കേണ്ടതാണ്.

## 3-31 ആസ്തികളുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കുന്നു

പുതിയ നിർമ്മാണപ്രവൃത്തികൾ നടത്തുമ്പോൾ നിർമ്മാണം നടത്തപ്പെടുന്ന ഭൂമിയുടേയും അറ്റക്കുറ്റപ്പണികൾ നടത്തുമ്പോൾ അററക്കുറ്റപ്പണി നടത്തപ്പെടുന്ന ആസ്തിയുടേയും ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത്. പ്രവൃത്തികളുടെ പ്രൊജക്ട് ഫോറത്തിന്റെ ബന്ധപ്പെട്ട കോളങ്ങളിൽ ഭൂമി/ആസ്തി പഞ്ചായത്തിന്റേതാണെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ യുണീക് ഐഡന്റിഫിക്കേഷൻ നമ്പർ, സ്ഥലത്തെ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നം/പേര് | ട്രഷറി ബിൽ നം/ തിയതി | ചെലവഴിച്ച തുക |
|---|---|---|---|
| 1. | 183/18,പാറമേൽപ്പടി അംഗൻവാടി കെട്ടിടനിർമ്മാണം | 49/11.1.18 | 253685 |
| 2. | 175/18,പൊട്ടിക്കുന്ന് കോളനി അംഗൻവാടി കെട്ടിടത്തിന് ആധുനിക സൗകര്യങ്ങളും കെട്ടിട സംരക്ഷണവും | 45/11.1.18 | 275189 |
| 3. | 137/18,ഗ്രാമകേന്ദ്രം നിർമ്മാണം | ചെക്ക്നം.3064393/ 21.8.17<br>ചെക്ക്നം.3064394/ 21.8.17<br>ചെക്ക്നം.3064382/ 30.6.17 | 277100<br>2799<br>16794 |
| 4. | 161/18,ഉറവൻചാൽ കണ്ണങ്കര റോഡ് ഫസ്റ്റ് മെറ്റലിംഗ് | 33/22.9.17 | 229942 |
| 5. | 207/18,മാലിന്യസംസ്കരണപ്ലാന്റ് | 76/24.3.18 | 982943 |

ഇപ്രകാരം ഉടമസ്ഥാവകാശം ഉറപ്പുവരുത്താതെ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഉടമസ്ഥാവകാശം സംബന്ധിച്ച് പരാതികൾ ഉടലെടുക്കുന്നതിന് കാരണമായി തീരുകയും പ്രവൃത്തികൾ തടസ്സപ്പെടുന്നതിനോ ഭാഗികമായി മാത്രം നിർവ്വഹിച്ച് അവസാനിപ്പിക്കുന്നതിനോ ഇടയാക്കുകയും ചെയ്യുന്നു. പല പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് കാലതാമസം വരികയും ചെയ്യുന്നു. മേൽ പറഞ്ഞ പ്രവൃത്തികളിൽ ഉറവൻചാൽ കണ്ണങ്കര റോഡ് ഫസ്റ്റ് മെറ്റലിംഗ് എന്ന

പ്രവ്യത്തിയെ സംബന്ധിച്ച് ശ്രീ. മാങ്ങോട്ടുപീടികയിൽ കുഞ്ഞുമരക്കാർ മകൻ ഐദ്രുമാൻകട്ടി എന്നയാൾ 120 മീ ദൂരം പ്രവൃത്തി അയാളുടെ ഭൂമിയിൽ കൂടിയാണ് കടന്നുപോകുന്നതെന്ന് പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതി പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ഫയലില്ല. മാലിന്യസംസ്കരണപ്ലാന്റ് നിർമ്മാണത്തിന് ആദ്യം കണ്ടെത്തിയ ഭൂമിയിൽ അസൗകര്യമുള്ളതായും ആയതിനാൽ പിന്നീട് പുതിയ ഭൂമി കണ്ടെത്തേണ്ടി വന്നതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം നാളിതുവരെയായിട്ടും കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പ്ലാന്റിനാവശ്യമായ ഷ്രഡിങ്ങ് മെഷീൻ, ബെയിലിങ്ങ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനി ലിമിററഡ് എന്ന സ്ഥാപനത്തിന് 982943 രൂപ നൽകിയിട്ട് ഒരു വർഷം തികയാറായെങ്കിലും കെട്ടിടം നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഉപകരണങ്ങൾ സ്ഥാപിക്കാനായിട്ടില്ല. ഈ അപാകതകൾ പരിഹരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ആസ്തികളുടെ ഉടമസ്ഥാവകാശം പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്. വില്ലേജ് രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയശേഷം അവ ആസ്തി രജിസ്റ്ററിൽ ചേർക്കുകയും പ്രൊജക്ട് രൂപീകരണഫോറത്തിൽ ആസ്തി സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നത് വഴി പ്രവൃത്തികളുടെ നിർവ്വഹണസമയത്തും നിർമ്മാണശേഷവും പരാതികൾ ഉടലെടുക്കുന്നത് ഒഴിവാക്കാനാവുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/16.2.19,29/21.2.19 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ പട്ടികയിലെ ക്രമ നമ്പർ 1,2,3 എന്നിവയിൽ പറഞ്ഞിരിക്കുന്ന ആസ്തികളുടെ യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് ഫോറത്തിൽ ചേർക്കാൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്.

# 3-32 ഓവർഹെഡ് ചാർജ്ജിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

ജി.ഒ.(പി)നം.30/2016/ഫിൻ/29.2.2016 അനുസരിച്ച് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കേണ്ടതും ഓവർഹെഡ് ചാർജ്ജായി 7.5% അനുവദിക്കാവുന്നതും നികുതികൾ സമിതി വഹിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016ലെ നം.ഡിബി3 – 6512(ബി)/2013/സി.ഇ/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട് ഈ സർക്കുലറിൽ MORD/MORTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃസമിതി പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴും റോഡ് പ്രവൃത്തികൾക്ക് 10% നിരക്കുകളാണ് നൽകിയിട്ടുള്ളതെന്നും ഇക്കാര്യത്തിൽ ഗുണഭോക്തൃ സമിതികൾക്ക് ഓവർഹെഡ് ചാർജ്ജ് 7.5% ആയി നിജപ്പെടുത്തി സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുള്ളതാണെന്ന് പറയുന്നു. ആയതിനാൽ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ വർക്ക് ബിൽ തുകയിൽ നിന്നും ഓവർഹെഡ് ചാർജജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്നും ഇത് സംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തേണ്ടതാണെന്നും പറയുന്നു. പഞ്ചായത്തിൽ ലോകബാങ്ക് ധനസഹായം ഉപയോഗിച്ച് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ (MRD സ്പെസിഫിക്കേഷൻ) ഓവർഹെഡ് ചാർജ്ജായി 10% തുക ഉൾപ്പെടുത്തിയിരുന്നു. അധികമായി ഉൾപ്പെടുത്തിയ 2.5% തുക അന്തിമബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ഇപ്രകാരം അധികതുക നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം/പേര് | ട്രഷറി ബിൽ നം./ തിയതി | ചെലവഴിച്ച തുക₹ | കൺവീനർ | ആകെ പ്രവൃത്തി മൂല്യം₹ | അധികം നൽകിയത് @2.5% |
|---|---|---|---|---|---|---|
| 1. | 186/18, എഴുന്നള്ളത്ത് കടവ് റോഡ് റീടാറിംഗ് | 28/15.9.17<br>65/12.3.18 | 82292<br>153566 | കെ.സി.വാസു | 235858 | 5896 |
| 2. | 176/17,189/18 കാരയിൽ കനാൽ റോഡ് മെറ്റലിംഗ്,ടാറിംഗ് | 31/15.5.17<br>63/13.3.18 | 72584<br>253134 | ശ്രീജിത്ത് .കെ. | 325718 | 8143 |
| 3. | 191/18,കൃഷിഭവൻ | 30/15.9.17 | 95106 | രഞ്ജു.പി.ആർ | 271724 | 6793 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റീടാറിംഗ് | 64/12.3.18 | 176618 | | | |
| 4. | 190/18,തെക്കേക്കുന്ന് ലക്ഷംവീട് കോളനി മെറ്റലിംഗ്,ടാറിംഗ് | 32/15.9.17<br>62/12.3.18 | 29966<br>98886 | ഡിബി. പി.വി. | 128852 | 3221 |
| 5. | 192/18,പടിഞ്ഞാറുമുറി താഴത്തേതിൽ റോഡ് മെറ്റലിംഗ്,ടാറിംഗ് | 29/15.9.17<br>66/12.3.18 | 49722<br>157576 | ടി.പി. മുരുകാനന്ദൻ | 207298 | 5182 |
| | അധികം നൽകിയ തുക | | | | | 29235 |

ഓവർഹെഡ് ഇനത്തിൽ തുക അധികം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/21.2.2019 ന് ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് പ്രൈസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണെന്നും ധനകാര്യകമ്മീഷൻ എന്നും ഗുണഭോക്തൃസമിതി എന്നും തെരഞ്ഞെടുക്കുമ്പോൾ സോഫ്റ്റ് വെയർ താനെ തയ്യാറാക്കുന്ന എസ്റ്റിമേറ്റും നിരക്കുകളുമാണെന്നും മാത്രമാണ് പറയുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 29235രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-33 വിട്ടുകിട്ടിയ ഭൂമി,പുതിയ നിർമ്മാണം എന്നിവ ചേർത്ത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ കാലികമാക്കുന്നില്ല

പഞ്ചായത്തിന് തൻവർഷം വിട്ടുകിട്ടിയ ഭൂമിയുടെയും പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങളുടേയും ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇവ പഞ്ചായത്ത് ആസ്തിയിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/21.2.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | ആസ്തിയുടെ വിശദാംശങ്ങൾ | കുറിപ്പുകൾ |
|---|---|---|
| 1. | വാഴാട് സാംസ്കാരികനിലയം | ഭരണസമിതിയുടെ 13.6.17 ലെ 1/18 -ാം നമ്പർ തീരുമാനപ്രകാരം ആസ്തിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട് |
| 2. | കാട്ടാളത്ത് കോളനി റോഡ്, റോഡ് നിർമ്മാണത്തിന് വിട്ടുകിട്ടിയ ഭൂമി | |
| 3. | സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് വാഴാട് കോളനിയിലെ ശ്രീ.ചാമി എന്നയാൾ വിട്ടുനൽകിയ 624/24ാം നമ്പർ സർവ്വെ നമ്പറിലുള്ള 4സെന്റ് ഭൂമി | ഭരണസമിതിയുടെ 11.7.2017 ലെ 1/4 -ാം നമ്പർ തീരുമാനപ്രകാരം ആസ്തിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട് |
| 4. | മേലേ കുളമ്പ് കുടിവെള്ളപദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി ഇടിഞ്ഞുകുഴിയിൽ വീട്ടിൽ ജോണി ഭാര്യ ജൂബി വിട്ടുനൽകിയ 1 സെന്റ് ഭൂമി | ഭരണസമിതിയുടെ 19.9.2017 ലെ 1/5 -ാം നമ്പർ തീരുമാനപ്രകാരം ആസ്തിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട് |

ഭരണസമിതി തീരുമാനമെടുത്തിട്ടും പുതിയ ആസ്തികൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ലെന്ന് മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നു. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | സമഗ്ര ക്ഷീര വികസനം | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | സമഗ്ര നെൽകൃഷി വികസനം | 500000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 150000 | പാലിയേറ്റീവ് കെയർ | 150000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1500000 | സമഗ്ര ക്ഷീര വികസനം | 1500000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2017-18 | 225000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 225000 | ഇല്ല |

വാർഷികകണക്ക് ബാലൻസ്ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്തിന്റെ 159507/- രൂപയും, ബ്ലോക്ക് പഞ്ചായത്തിന്റെ 40000/- രൂപയും നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. എന്നാൽ മേൽ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ മുഴുവൻ തുകയും ക്രമീകരിക്കാതെ കിടക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ട്രഷറി ബിൽ/ ചെക്ക്നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി | ഗവ. ഹോമിയോ ഡിസ്പെൻസറി കെട്ടിടം വയറിംങ് | ട്രഷറി ബിൽ നം 29/28.3.18 | 84490 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ട്രഷറി ബിൽ നം 15/11.1.18 | 400000 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ട്രഷറി ബിൽ നം 16/17.1.18 തുക-159000/- ട്രഷറി ബിൽ നം 23/21.3.18 തുക-91370/- | 250370 |

വാർഷികകണക്ക് ബി-18 ഷെഡ്യൂളിൽ കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റായി 22000/- രൂപ മാത്രമാണ് രേഖപ്പെടുത്തികാണുന്നത്.ആയതിന്റെ കൃത്യത പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം;തിയതി | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന വായ്പാതുക – 6821574 | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി വായ്പ | 800/2010 എൽ.എസ്.ജി.ഡി തി.9.3.2010 | 1268995 | 1268995 | | - |

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7437/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1993-94 | 16 | 6355 | ജയൻ.എൻ.ആർ (എക്സി.ഓഫീസർ) | 11704100354 തി.12.05.2017 |
| 2014-15 | | 1082 | ബഷീർ .എം.എച്ച് (സീനിയർ സൂപ്രണ്ട്) | 11704102117 തി.27.11.17 |
| | | 7437 | | |

# 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

,

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51396090 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55346176 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 256798 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3327472 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | | 3279 | ശ്രീമതി.അശ്വതി ഗോപിനാഥൻ.കൃഷിഓഫീസർ |
| 3-15 | | 18309 | ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ |

| | | | |
|---|---|---|---|
| 3-16 | | 18000 | ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ |
| 3-19 | | 187975 | ശ്രീമതി.എം.ജയലക്ഷ്മി- സെക്രട്ടറി (ടെണ്ടർ നടപടികൾ സ്വീകരിച്ച് ടെണ്ടർ അംഗീകരിച്ചതിനാൽ) ശ്രീമതി.ബീന.എം.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ (ബിൽ തുക കൈമാറിയതിനാൽ) |
| 3-32 | | 29235 | ശ്രീ.ഷെമീർ.കെ.എം, അസി.എഞ്ചിനീയർ |
| | | 256798 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 60000 | ഡോ.ബിന്ദു.മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം |
| 3-4 | 75000 | ഡോ.ശരണ്യ.എം.ജി,വെറ്ററിനറി സർജൻ |
| 3-5 | 800370 | 3-5(1)-തമ്പി .എ.എസ്,സെക്രട്ടറി-159000<br>3-5(1)-ജയനൻ.കെ.സെക്രട്ടറി-91370<br>3-5(2)--തമ്പി .എ.എസ്,സെക്രട്ടറി-400000<br>3-5(3)--തമ്പി .എ.എസ്,സെക്രട്ടറി-100000<br>3-5(4)--തമ്പി .എ.എസ്,സെക്രട്ടറി-50000 |
| 3-6 | 450000 | ജയലക്ഷ്മി.എം,സെക്രട്ടറി |
| 3-10 | 90000 | ഗോപാലകൃഷ്ണൻ.വി.വി.ഇ.ഒ |
| 3-11 | 1419800 | ശ്രീമതി.അശ്വതി ഗോപിനാഥൻ, കൃഷിഓഫീസർ |
| 3-13 | 3000 | ശ്രീമതി.അശ്വതി ഗോപിനാഥൻ, കൃഷിഓഫീസർ |
| 3-14 | 50000 | ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ |
| 3-16 | 80000 | ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്,ജി.യു.പി.എസ് മായന്നൂർ |
| 3-18 | 99900 | ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്,ജി.യു.പി.എസ് മായന്നൂർ |
| 3-20 | 150000 | ശ്രീമതി.റോസ് |

| | | |
|---|---|---|
| | | മോൾ.എം.എസ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-26 | 49402 | ശ്രീമതി.ശകുന്തള, അസി.എഞ്ചിനീയർ |
| | 3327472 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 3-15,3-16,3-18,3-19,3-20

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അശ്വതി ഗോപിനാഥൻ.കൃഷിഓഫീസർ | കൃഷി ഓഫീസർ,കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | കരുമത്തിൽ ഹൗസ്, പി.ഒ.പുതുരുത്തി ആര്യംപാടം ,തൃശ്ശൂർ |
| ജയലക്ഷ്മി.എം,സെക്രട്ടറി | സെക്രട്ടറി, മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് | ആദിശ്രീ,ഒല്ലൂക്കര പി.ഒ,തൃശ്ശൂർ |
| ശ്രീമതി.വസന്തകുമാരി.ടി ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് മായന്നൂർ | വിരമിച്ചു | ഈശ്വർ, മായന്നൂർ.പി.ഒ, തൃശ്ശൂർ |
| ബീന.എം.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ,കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | കണ്ണനായ്ക്കൽ ഹൗസ്,പെരിങ്ങണ്ടൂർ പി.ഒ അമ്പലപുരം.പി.ഒ തൃശ്ശൂർ-680581 |
| ഷെമീർ.കെ.എം, അസിസിറ്റന്റ് എഞ്ചിനീയർ | അസിസിറ്റന്റ് എഞ്ചിനീയർ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പയ്യൽ വീട്, പുതുപരിയാരം , പാലക്കാട്, 678731 |

# 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1969-70<br>1970-71 | എൽ.എഫ്.ഇ3 -2943/74/03.07.1984 |
| 1971-72 | എൽ.എഫ്.ഇ3 -5011/74/13.05.1975 |
| 1972-73 | എൽ.എഫ്.ഇ3 -1894/76/26.01.1997 |
| 1973-74 | എൽ.എഫ്.ഇ3 -398/76/12.02.1976 |
| 1974-75 | എൽ.എഫ്.ഇ3 -6775/76/06.06.1978 |
| 1975-76 | എൽ.എഫ്.ഇ3 -5136/77/06.01.1978 |
| 1976-77 | എൽ.എഫ്.ഇ3 -2535/82/11.06.1983 |
| 1977-78 | എൽ.എഫ്.ടി.10 -2109/80/07.10.1980 |
| 1978-79 | എൽ.എഫ്.ടി.10 -710/928/23.03.1981 |
| 1979-80 | എൽ.എഫ്.ടി.13 -1574/82/15.09.1982 |
| 1980-81<br>1981-82<br>1982-83<br>1983-84<br>1984-85<br>1985-86 | എൽ.എഫ്.ടി.(എസ്.2)90711/28.01.2012 |
| 1986-87<br>1987-88 | എൽ.എഫ്.ടി.13 -1329/92/15.10.1992 |
| 1988-89<br>1989-90<br>1990-91 | എൽ.എഫ്.ടി.13 -1488/93/25.02.1994 |
| 1991-92 | എൽ.എഫ്.ടി.13 -627/93/03.12.1993 |
| 1992-93<br>1993-94 | എൽ.എഫ്.ടി.13 -368/96/31.03.1997 |
| 1994-95<br>1995-96<br>1996-97<br>1997-98<br>1998-99<br>1999-2000<br>2000-2001<br>2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07 | എൽ.എഫ്.ടി.പി.4 -50/2014/14.03.14/05.04.2014 |
| 2007-08 | എൽ.എഫ്.ടി.പി.4 -1306/11/08.02.2012 |
| 2008-09 | എൽ.എഫ്.ടി.പി.4 -1307/11/22.02.2012/31.03.2012 |
| 2009-2010<br>2010-11 | എൽ.എഫ്.ടി.പി.4 -1408/12/05.12.2012/05.03.2013 |
| 2011-12 | എൽ.എഫ്.ടി.പി.4 |

| | |
|---|---|
| | *-2119/2013/12.05.2014/07.08.2014* |
| 2012-13 | എൽ.എഫ്.ടി.പി.4 -1921/14 / 06.03.2015/ 01.04.2015 |
| 2013-14<br>2014-15 | നം .കെ.എസ്.എ ടി.എസ്.ആർ(പി 4)/405/16.തിയ്യതി 02.04.2016/06.05.2016 |
| 2015-16 | നം .കെ.എസ്.എ ടി.എസ്.ആർ(പി 4)/2026/16.തിയ്യതി 22.11..2016/17.1.17 |
| 2016-17 | No.KSATSR P4 – 1373/2017 തീ.13.10.17/10.11.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# <u>അനുബന്ധം-1</u>

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2

# ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്